# തിരുഹൃദയ മാസിക
## (The Sacred Heart Monthly)

**Vol. 78**
**2013 February**

വിശ്വാസ വർഷം

78 Years of Publication

*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam

*Editor*

**Fr. Abraham Parambett**
S.H.Monthly
Catholic Mission Press
Building, K.K. Road
Kottayam - 686 001


## ഈ ലക്കത്തിൽ


- സർക്കുലർ
- വാർത്തകൾ
- ചൈതന്യ പ്രോഗ്രാം
- കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി
- തൂവാനീസാ പ്രോഗ്രാം
- കരിസ്മാറ്റിക് കമ്മീഷൻ
- വിൻസന്റ് ഡി പോൾ
- കെ.സി.സി.
- കെ.സി.വൈ.എൽ.
- കെ.സി.എസ്.എൽ.
- ചെറുപുഷ്പ മിഷൻലീഗ്
- തിരുബാലസഖ്യം
- മലബാർ വാർത്തകൾ
- കൂരിയാ വാർത്തകൾ
- പിതാക്കന്മാരുടെ ഡയറി

**Engagements**
Mar Mathew Moolakkatt
Mar Joseph Pandarasseril

- വചനദർശനം


## വാർഷിക വരിസംഖ്യ


75 രൂപ (ഇന്ത്യ)
500 രൂപ (വിദേശം)

Circular No.127
മദ്യവിരുദ്ധ ഞായർ 2013

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date : 15 - 01 - 2013

പ്രിയ ബഹു. അച്ചാ,

ആഗോള കത്തോലിക്കാ സഭ വിശ്വാസവർഷം ആചരിക്കുന്ന ഈ കാലഘട്ടത്തിൽ, അർത്ഥവത്തായ വിശ്വാസജീവിതത്തിന്റെയും വിശ്വാസ കൈമാറ്റത്തിന്റെയും ആവശ്യകതയും സാധ്യതകളും സഭയിൽ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. വിശ്വാസരൂപീകരണത്തിന്റെയും വിശ്വാസജീവിതത്തിന്റെയും പ്രഥമവും പ്രധാനവുമായ വേദി കുടുംബമാണ്. സഭയുടെ അടിസ്ഥാന യൂണിറ്റായ ഗാർഹികസഭയെന്നു തന്നെ വിശേഷിപ്പിക്കപ്പെടുന്ന കുടുംബങ്ങളെ, വിശ്വാസോചിതമായി ബലപ്പെടുത്തുകയെന്നത് സഭാശുശ്രൂഷയിൽ സവിശേഷസ്ഥാനം അർഹിക്കുന്ന വിഷയമാണ്.

ഇന്ന് നമ്മുടെ കുടുംബങ്ങളെയും സമൂഹത്തെയും നശിപ്പിക്കുന്ന പ്രധാന വിപത്തുകളിലൊന്ന് മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും അനിയന്ത്രിതമായ ഉപയോഗമാണ്. ആയതിനാൽ, കെ.സി.ബി.സി. ജനുവരി 27-ാം തീയതി മദ്യവിരുദ്ധ ഞായറായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഉണരുക, ഇതാണ് സമയം. വിവാഹം, മാമ്മോദീസാ, പ്രഥമ ദിവ്യകാരുണ്യസ്വീകരണം, മറ്റ് ആഘോഷാവസരങ്ങൾ, എന്തിനേറെ ചിലപ്പോഴൊക്കെ മരണാവസരങ്ങളിൽ പോലും മദ്യത്തിന്റെ ലഹരി കുടുംബവേദിയിൽ നിറഞ്ഞു നിൽക്കുന്നു. കുടുംബവും സമൂഹവും മദ്യത്തിന്റെ അമിത ഉപയോഗം മൂലം ശൈഥില്യത്തിന്റെ വക്കിലെത്തിനിൽക്കുകയാണ്. ദൈവത്തിന്റെ സ്വന്തം നാടെന്നു അഭിമാനിക്കുന്ന കേരളം ഇന്ന് ലഹരിയുടെ സ്വന്തം നാടായി മാറിക്കൊണ്ടിരിക്കുന്നു. മനുഷ്യജീവനെയും ജീവിതത്തെയും നശിപ്പിക്കുന്ന ലഹരിയുടെ ഉപയോഗത്തിനെതിരെ പ്രതികരിക്കുവാനും പ്രവർത്തിക്കാനുമുള്ള സഭയുടെ ഉത്തരവാദിത്വത്തിന്റെയും പ്രവാചകദൗത്യത്തിന്റെയും ഭാഗമായിട്ടാണ് കേരളസഭ മദ്യവിരുദ്ധ ഞായർ ആചരിക്കുന്നത്.

ലഹരിയിൽ ഹോമിക്കപ്പെടുന്ന ജീവിതങ്ങൾ നമ്മുടെ ചുറ്റുപാടും ധാരാളമുണ്ട്. ഓരോ വർഷവും കേരളത്തിൽ മദ്യത്തിന്റെ ഉപയോഗം കൂടിവരുന്നു. കേരളത്തിലെ മദ്യത്തിന്റെ ഉപയോഗം ദേശീയശരാശരിയുടെ ഇരട്ടിയാണെന്നത് നമ്മുടെ കണ്ണു തുറപ്പിക്കണം. മദ്യത്തിന്റെ അമിത ഉപയോഗം മൂലം കുടുംബത്തിലും സമൂഹത്തിലും അക്രമവും അരാജകത്വവും കൂടിവരുന്നു. മദ്യലഹരിയിൽ എന്തു പൈശാചിക പ്രവർത്തിയും ചെയ്യുവാൻ മനുഷ്യനു മടിയില്ലാതെയായി. മദ്യപാനശീലം ഇന്ന് പ്രായമായവരെയും യൗവനത്തെയും കടന്ന് കൗമാരക്കാരിൽ എത്തിനിൽക്കുന്നു. ലഹരിയുടെ നീരാളിപ്പിടുത്തത്തിൽ മനുഷ്യജീവനും ജീവിതവും മനുഷ്യോചിതമായ സാഹചര്യങ്ങളും തകർക്കപ്പെടുകയാണ്. മദ്യത്തോടുള്ള ആസക്തിയുടെ ഫലമായി കുടുംബങ്ങളിലെ സമാധാനാന്തരീക്ഷം തകർക്കപ്പെടുന്നതും, സമൂഹത്തിൽ അക്രമവും അരാജകത്വവും വളരുന്നതും നമ്മുടെ കുഞ്ഞുങ്ങൾപോലും സുരക്ഷിതമല്ലാത്ത സാഹചര്യത്തിൽ എത്തിനിൽക്കുകയും ചെയ്യുന്നത് ഇക്കാര്യത്തിലുള്ള നമ്മുടെ ഉത്തരവാദിത്വത്തെ ഓർമ്മപ്പെടുത്തുന്നുണ്ട്.

ജീവന്റെ മഹത്വത്തെ ഉയർത്തിപ്പിടിക്കുകയും ജീവന്റെ സംസ്കാരത്തെ പോഷിപ്പിക്കുകയും ചെയ്യുക എന്നത് സഭയുടെ ദൗത്യനിർവ്വഹണത്തിന്റെ ഭാഗമാണ്. മദ്യം വിതയ്ക്കുന്ന മരണ സംസ്കാരത്തിനെതിരെ പ്രവർത്തിക്കുന്നതും സ്വയം അതിൽ നിന്നു വിട്ടുനിൽക്കുന്നതും വിശ്വാസത്തെ ഗൗരവമായി കാണുന്ന ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം അവന്റെ ഉത്തരവാദിത്വത്തിന്റെ ഭാഗമാണ്. അതുകൊണ്ടുതന്നെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കുന്നത് അങ്ങേയറ്റം ശ്ലാഘനീയവുമാണ്.

മദ്യവിമുക്ത സഭയും സമൂഹവും കെട്ടിപ്പടുക്കുവാൻ കെ.സി.ബി.സി. തലത്തിൽ 1998 ൽ രൂപപ്പെട്ട സഭാസംവിധാനമാണ് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി. നമ്മുടെ അതിരൂപതയിൽ 1994 ൽ രൂപീകൃതമായ ടെംപറൻസ് കമ്മീഷൻ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ അതിരൂപതാ ഘടകമായി പ്രവർത്തിച്ചുകൊണ്ട് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കു

ന്നു. വിശ്വാസവർഷം ആചരിക്കുന്ന ഈ കാലഘട്ടത്തിൽ അതിരൂപതയിലെ എല്ലാ ഇടവകകളിലും മദ്യവിരുദ്ധ സമിതികൾ ഉണ്ടാവുകയും പ്രസ്തുത സമിതിയുടെ ആഭിമുഖ്യത്തിൽ ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും മദ്യവിരുദ്ധ പ്രവർത്തനം നടത്തുകയും ചെയ്യുക എന്നത് ഏറെ അഭികാമ്യമാണ്. പ്രത്യേകിച്ച് യുവജനങ്ങളുടെ ഇടയിലും വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ ഇടയിലും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നത്, മദ്യത്തിന്റെ നീരാളിപിടുത്തത്തിൽ നിന്ന് വരും തലമുറയെ രക്ഷിക്കാൻ ഏറെ ഉപകരിക്കും. അതോടൊപ്പം വ്യക്തിപരമായ ജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹത്തിൽ മൊത്തത്തിലും, മദ്യാസക്തി ഉളവാക്കുന്ന നിഷേധാത്മകഫലങ്ങളെക്കുറിച്ച് അവബോധമുള്ളവരായി മദ്യത്തിന്റെയും മറ്റ് ലഹരിവസ്തുക്കളുടെയും ഉപയോഗത്തിൽ നിന്നു സ്വയം വിട്ടുനിൽക്കുന്നതിനുള്ള ശ്രദ്ധയും താൽപര്യവും നാം കാണിക്കണം.

നമ്മുടെ ആഘോഷാവസരങ്ങളിൽ മദ്യത്തിനു മാന്യത നൽകുന്ന സംസ്കാരത്തെ നിരുത്സാഹപ്പെടുത്തണം. പൊതുവേദിയിലുള്ള മദ്യപാനവും മദ്യവിതരണവും ഒരു തരത്തിലും ഭൂഷണമല്ല. മദ്യത്തിന്റെ ഉപയോഗം അടിസ്ഥാനപരമായി മനുഷ്യന്റെ മാന്യതയെ നശിപ്പിക്കുമെന്ന തിരിച്ചറിവ് നാം ഓരോരുത്തരും സ്വന്തമാക്കണം. ഓരോ കുടുംബവും എന്റെ കുടുംബത്തിൽ എന്തുവന്നാലും മദ്യം വിളമ്പുകയില്ലെന്ന നിലപാടു സ്വീകരിച്ചാൽ നമ്മുടെ കുടുംബങ്ങളിൽ മദ്യത്തിന്റെ ഉപയോഗം ഗണ്യമായി കുറയ്ക്കുവാൻ സാധിക്കുമെന്നു കരുതുന്നു.

നമ്മുടെ സമുദായ സംഘടനകളായ KCC, KCWA, KCYL എന്നിവയ്ക്ക് ഇക്കാര്യത്തിൽ ഗണ്യമായ സംഭാവന നൽകാൻ സാധിക്കുമെന്ന് അവരെ അനുസ്മരിപ്പിക്കുകയും മദ്യവിരുദ്ധ സംസ്കാരം രൂപപ്പെടുത്തുവാൻ അവർ മുന്നിട്ടിറങ്ങുകയും ചെയ്യണമെന്ന് ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. ജാഗ്രതയുള്ളവരായിരിക്കുവാൻ കാലഘട്ടത്തിന്റെ സൂചനകൾ നമ്മെ നിർബന്ധിക്കുന്നുണ്ട്. ആരും

അകന്നു നിൽക്കാതെയും പരസ്പരം പഴി ചാരാതെയും മദ്യവിരുദ്ധ പ്രവർത്തനങ്ങളിൽ കൂട്ടുത്തരവാദിത്വത്തോടെ നമുക്കു പ്രവർത്തിക്കാം. നമ്മുടെ സ്കൂളുകളും കോളേജുകളും വഴി, ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണ പരിപാടികൾ തുടങ്ങണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

മാതാപിതാക്കൾ, അധ്യാപകർ, സമൂഹനന്മയുടെ വക്താക്കളായ മതങ്ങൾ, സന്നദ്ധ സംഘടനകൾ, പൊതുജനനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന ജനപ്രതിനിധികൾ, ഭരണകർത്താക്കൾ എന്നിങ്ങനെ എല്ലാവരും ഒരുമിച്ചു നിന്ന് നമ്മുടെ നാടിനെ തെറ്റുകളിലേയ്ക്ക് നയിക്കുന്ന മദ്യാസക്തിക്കെതിരെ ഒന്നിച്ചുനിന്നു പ്രവർത്തിക്കണം. വിശ്വാസവർഷം ആചരിക്കുന്ന നമുക്ക്, നമ്മുടെ വിശ്വാസത്തിന്റെ അനുഷ്ഠാനത്തിനും ആഘോഷത്തിനും നിരക്കാത്ത, മരണസംസ്കാരം വിതയ്ക്കുന്ന മദ്യാസക്തിക്കെതിരെ നിലകൊള്ളാൻ സാധിക്കട്ടെയെന്നു ഞാൻ ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സ്നേഹപൂർവ്വം

**✠മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

N.B. 2013 ജനുവരി 27-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ നമ്മുടെ എല്ലാ ഇടവകയിലും വായിക്കേണ്ടതാണ്. ഈ വിഷയം കൂടാരയോഗത്തിൽ ചർച്ച ചെയ്യേണ്ടതുമാണ്.

# വാർത്തകൾ

## ക്രൈസ്തവർ പ്രതീക്ഷയുടെ പ്രതീകം : മാർപ്പാപ്പ

അന്ധകാരാവൃതമായ ഈ ലോകത്തിൽ ക്രൈസ്തവർ വഴിവിളക്കായി പ്രശോഭിക്കണമെന്ന് മാർപാപ്പ. ലോകത്തെയും സഹജീവികളെയും മനസ്സിലാക്കണമെങ്കിൽ നാം വാർത്ത മാത്രം തിരഞ്ഞാൽ പോര. മറിച്ച് നിശ്ശബ്ദതയിലും ധ്യാനത്തിലും സമയം ചെലവഴിക്കണം. ഇങ്ങനെ സമയം ചിലവഴിക്കുമ്പോഴാണ് അനുദിന ജീവിതത്തിലെ മുറിവുകളിൽ നിന്നും സാന്ത്വനം ലഭിക്കുന്നത്. അപ്പോൾ മാത്രമേ നമ്മുടെ ജീവിതത്തിലും സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കുവാനും വിലയിരുത്തുവാനും വിശ്വാസക്കണ്ണിലൂടെ അതിനെ ദർശിക്കുവാനും കഴിയൂ. ആത്മശോധനയിലൂടെ നാം നമ്മെക്കുറിച്ച് വിലയിരുത്തുമ്പോൾ ദൈവം നമ്മുടെ കുറവ് വെളിപ്പെടുത്തിത്തരും. നിശബ്ദതയിൽ നാം ആത്മപരിശോധന നടത്തുമ്പോൾ ദൈവം സംസാരിക്കുന്നതായി അനുഭവപ്പെടും. അതുകൊണ്ടാണ് ക്രൈസ്തവൻ ഇരുണ്ട ലോകത്തിൽ വിശ്വാസത്തിന്റെ പ്രതീകമായി മാറണമെന്ന് പറയുന്നത്. മാർപാപ്പാ പറഞ്ഞു.

വചനം മാംസമായി അവതരിച്ച ക്രിസ്തുവിൽ നമ്മുടെ സ്വത്വം വീണ്ടും കണ്ടെത്തുവാൻ കഴിയും. ക്രിസ്തുവിൽ നിന്നും സുവിശേഷവൽക്കരണത്തിൽ നിന്നുള്ള ദൗത്യം സ്വീകരിച്ച സഭ, സുവിശേഷം എല്ലാവർക്കും ഉള്ളതാണെന്ന് ഓർമ്മിപ്പിക്കുന്നു. റോമാനഗരം പോലും ക്രിസ്തുവിനെ വീണ്ടും വീണ്ടും ഉദ്ഘോഷിക്കപ്പെടേണ്ട സ്ഥലമാണ്. ലോകത്തുള്ള എല്ലാ ക്രൈസ്തവരും സർവ്വ ജീവജാലങ്ങളോടും സുവിശേഷം പ്രഘോഷിക്കുക എന്നത് സ്വന്തം ദൗത്യമായി കാണണം. മാർപാപ്പ ഓർമ്മിപ്പിച്ചു.

## ദൈവത്തെക്കാണാൻ നിരീശ്വരവാദികൾക്കും ആഗ്രഹമുണ്ട് : മാർപാപ്പ

ദൈവത്തെ കാണുവാനും അറിയുവാനുമുള്ള ആഗ്രഹം എല്ലാ മനുഷ്യരിലും ഉണ്ടെന്ന് ബനഡിക്ട് പതിനാറാമൻ പാപ്പാ. നിരീശ്വരവാദികളും അവിശ്വാസികളും പോലും ഇക്കാര്യത്തിൽ സമന്മാരാണ്. വത്തിക്കാനിലെ പോൾ ആറാമൻ ഹാളിൽ നടന്ന പൊതുചടങ്ങിൽ പ്രസംഗിക്കവേയാണ് മനുഷ്യന്റെ ദൈവോന്മുഖത ജന്മസിദ്ധമെന്ന് പാപ്പാ പറഞ്ഞത്. പക്ഷേ

തങ്ങൾക്കാവശ്യമുള്ളപ്പോൾ മാത്രം ദൈവത്തെ തേടുന്ന സ്വഭാവം ഉപേക്ഷിച്ച് അനുദിന ജീവിതത്തിന്റെ ഭാഗമായി അവിടുത്തെ സാന്നിദ്ധ്യം മാറിയെങ്കിൽ മാത്രമേ ദൈവാനുഭവം സ്വന്തമാക്കുവാൻ സാധിക്കുകയുള്ളൂ. അല്ലാത്തപക്ഷം മനുഷ്യന്റെ അന്വേഷണം എങ്ങുമെത്താതെ അവശേഷിക്കും. ദൈവത്തെ കാണാനുള്ള ആഗ്രഹവും അവിടുത്തെ മുഖാമുഖം ദർശിക്കുവാനുള്ള അദമ്യമായ വാഞ്ഛയും നിരീശ്വരവാദികളിൽപ്പോലുമുണ്ട്. പല കാരണങ്ങൾകൊണ്ട് മനുഷ്യർ അതിനെ അടിച്ചമർത്തി ജീവിക്കുന്നുവെന്നു മാത്രം. ചിലപ്പോൾ ഈ ആഗ്രഹം അതാരാണ്, അതും ഞങ്ങളുമായി എന്തു ബന്ധം എന്ന ചിന്തകളിൽ ഇത് ഒതുങ്ങിയേക്കാം. എന്നിരുന്നാൽത്തന്നെയും ദൈവോന്മുഖത മനുഷ്യനിൽ രൂഢമൂലമാണെന്ന് പാപ്പാ പറഞ്ഞു.

## 'മാനുഷിക അദ്ധ്വാനം കൊണ്ട് സമാധാനം സ്ഥാപിക്കപ്പെടില്ല'

ലോകമെങ്ങും മുഴങ്ങുന്ന യുദ്ധത്തിന്റെ മാറ്റൊലിയും ആഭ്യന്തര സംഘർഷങ്ങളും ദാരിദ്ര്യവും അവസാനിക്കാൻ ദൈവത്തിലേയ്ക്ക് മനുഷ്യകുലം മടങ്ങുകയേ രക്ഷയുള്ളുവെന്ന് മാർപാപ്പ. യുദ്ധം ഒഴിവാക്കാൻ നയതന്ത്ര ചർച്ചകളും, രാജ്യങ്ങൾ തമ്മിൽ സമാധാനം സ്ഥാപിക്കാൻ വെടിനിർത്തൽ കരാറുകളും, ആഭ്യന്തരപ്രശ്നം പരിഹരിക്കാൻ ഭരണമാറ്റങ്ങളും നിലവിൽ കൊണ്ടുവരുന്നതാണ് ലോകരീതി.

അവയ്ക്ക് ശാശ്വതപരിഹാരം കണ്ടെത്താനാവില്ല. മതസ്വാതന്ത്ര്യവും ദൈവത്തിലേയ്ക്കുള്ള തുറവിയും അനുവദിക്കപ്പെടണം. ദൈവത്തിന് മാത്രമേ മനുഷ്യന്റെ പ്രശ്നങ്ങളെ ആത്യന്തികമായി പരിഹരിക്കാൻ സാധിക്കൂ.

സമാധാനം മാനുഷിക അദ്ധ്വാനത്തിന്റെ ഫലമല്ല, ദൈവസ്നേഹത്തിലുള്ള പങ്കാളിത്തമാണ്. ദൈവത്തിലേയ്ക്ക് തിരിയുന്നില്ലെങ്കിൽ മനുഷ്യൻ സ്വന്തം ഉള്ളിലും സമൂഹത്തിലും സംഘർഷം സൃഷ്ടിച്ചുകൊണ്ടിരിക്കും.

ദൈവസ്നേഹത്തിന്റെ അഭാവമാണ് ആത്യന്തികമായ അസമാധാനത്തിന്റെ കാരണമെന്നിരിക്കെ അതു പുനസ്ഥാപിക്കാൻ ശ്രമിക്കാതെ സമാധാനം സ്ഥാപിക്കപ്പെടുകയില്ല. അന്താരാഷ്ട്രസമൂഹം ഇന്ന് സമാധാനത്തിനുവേണ്ടി മുറവിളി കൂട്ടുകയാണ്. നയതന്ത്ര ചർച്ചകളും നിയന്ത്രണങ്ങളും ഏറെ നടത്തപ്പെടുന്നു. യഥാർത്ഥ പ്രശ്നം മനസ്സിലാക്കാതെയാണ് പലപ്പോഴും പരിഹാരങ്ങൾ നൽകപ്പെടുക.

അവ സ്ഥായിയല്ല, നിയന്ത്രണങ്ങൾ അവസാനിക്കുമ്പോൾ അവ വീണ്ടും തലപൊക്കും. ദൈവത്തിലേയ്ക്ക് മടങ്ങുകയും അവിടുത്തെ

സ്നേഹം അനുഭവിക്കുകയും ചെയ്താൽ മനുഷ്യൻ ശാന്തനാകും, മനുഷ്യസമൂഹം ശാന്തമാകും. പാപ്പാ ഉദ്ബോധിപ്പിച്ചു.

## സോഷ്യൽ നെറ്റ്‌വർക്കുകളിൽ സജീവമാകണം : മാർപാപ്പാ

ബനഡിക്ട് പതിനാറാമൻ പാപ്പാ ഫെയ്സ് ബുക്കിലും ടിറ്ററിലുമൊക്കെ സജീവമായതോടെ അത്തരം മാധ്യമങ്ങളുടെ സാധ്യതയേക്കുറിച്ചും ഇപ്പോഴുള്ള പോരായ്മകളെക്കുറിച്ചും അദ്ദേഹം വാചാലനാകുന്നു. താരാരാധനയും അധാർമികതയും വിഭാഗീയ ചിന്തകളും സാമൂഹ്യ സമ്പർക്ക മാധ്യമങ്ങൾ ബഹിഷ്കരിക്കണമെന്നും യുക്തിഭദ്രവും അലിവുള്ളതും ക്രിസ്തീയസാക്ഷ്യം നൽകുന്നതുമായ സന്ദേശങ്ങൾ പ്രചരിപ്പിക്കണമെന്നും പാപ്പാ ഉദ്ബോധിപ്പിച്ചു.

സത്യം പ്രഘോഷിക്കുവാൻ ഇത്തരം മാധ്യമങ്ങളെ നാം ഉപയോഗിക്കണം. സാമൂഹ്യസമ്പർക്ക മാധ്യമങ്ങൾ കൂടുതലായി ഉപയോഗിക്കുവാനുള്ള ആഹ്വാനം പത്രപ്രവർത്തകരുടെ മദ്ധ്യസ്ഥനായ വി. ഫ്രാൻസിസ് സാലസിന്റെ തിരുനാൾ ദിവസമായ ജനുവരി 24നാണ് പുറത്തുവിട്ടത്. ലോകമെങ്ങുമുള്ള വ്യക്തികൾക്ക് പരസ്പരം സംവാദത്തിലേർപ്പെടാൻ സോഷ്യൽ നെറ്റ്‌വർക്കുകൾ സഹായിക്കുന്നു. ഒരേ സമയം അഭിപ്രായങ്ങൾ പങ്കുവയ്ക്കാനും നല്ലത് സ്വീകരിക്കുവാനും ഇവിടെ അവസരമുണ്ട്. അതേ സമയം ഈ ചർച്ചകൾക്ക് സ്വകാര്യതയും ഉത്തരവാദിത്വവും സത്യസന്ധതയുമുണ്ട്. വർഷങ്ങൾക്ക് മുമ്പ് സ്വപ്നം കാണുവാൻ പോലും കഴിയാതിരുന്ന വിധം പരസ്പരം ആശയവിനിമയം നടത്തുവാൻ ഇപ്പോൾ കഴിയുന്നതിനെ ക്രിയാത്മകമായി എല്ലാവരും ഉപയോഗിക്കണമെന്നും അതിലൂടെ ഏറെ നന്മകൾ സ്വന്തമാക്കുവാൻ കഴിയുമെന്നും പരിശുദ്ധ പിതാവ് പറഞ്ഞു.

# Chaithanya Programme
# February 2013

| DATE | PROGRAMME |
|---|---|
| 1-2 | Pre-marriage Course |
| 1 | CHAI Training |
| 3 | M.I Camp |
| 3 | Priests Meeting |
| 3 | KSSS C.B.R Medical Camp |
| 8 -10 | T.C.I Seminar |
| 8 - 9 | Training for Aided College Administrative Staff |
| 9 - 10 | Personality Development Training |
| 12 - 16 | Cooperative Bank Employees Training |
| 16 | Training for Ayurvedic Supplement |
| 16 - 17 | Vincent de Paul Meeting |
| 14 | KSSS Coordinators' Meeting |
| 17 | Deafblinds' Family Gathering |
| 17-23 | KSSS Friends of Coconut Training |
| 18 | KSSS CBR CRC |
| 19 | KSSS Jubilee Development Retreat |
| 20 | KSSS SAFP Evaluation Meeting |
| 21 | KSSS Coordinators' Meeting |
| 26 | Pope John Paul Forum |
| 27 | KSSS Navomi Gathering |
| 28 | CHAI Training |

# കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി വികസനപാതയിൽ വരുംദിനങ്ങളിൽ

## അന്താരാഷ്ട്ര വനിതാദിനാചരണം മാർച്ച് 8ന് കോട്ടയത്ത്

അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ 2013 മാർച്ച് 8 വെള്ളിയാഴ്ച കോട്ടയം തിരുനക്കര മൈതാനിയിൽ വിപുലമായ പരിപാടികളോടെ വനിതാദിനാഘോഷം സംഘടിപ്പിക്കുന്നു. ദിനാചരണത്തോടനുബന്ധിച്ച് നടക്കുന്ന പൊതുസമ്മേളനത്തിൽ മത-സാമൂഹ്യ-രാഷ്ട്രീയ-സാംസ്ക്കാരിക മേഖലകളിലെ പ്രമുഖർ പങ്കെടുക്കും. 2013 ലെ വനിതാദിനാഘോഷങ്ങളുടെ പ്രമേയമായി കെ.എസ്.എസ്.എസ് തിരഞ്ഞെടുത്തിരിക്കുന്നത് 'സ്ത്രീകളും സാമൂഹിക സുരക്ഷിതത്വവും' എന്ന വിഷയമാണ്. വനിതാ ദിനാഘോഷങ്ങളിൽ പങ്കാളികളാകുവാൻ എല്ലാ വനിതാ സ്വാശ്രയസംഘാംഗങ്ങളും ശ്രദ്ധിക്കുമല്ലോ.

## 'സ്ത്രീകളുടെ സാമൂഹിക സുരക്ഷിതത്ത്വം' – വനിതാദിന റാലിയും, കൂട്ടയോട്ടവും വനിതാദിനാഘോഷത്തിൽ

കെ.എസ്.എസ്.എസ് വനിതാദിനാഘോഷങ്ങളുടെ ഭാഗമായി 'സ്ത്രീകളുടെ സാമൂഹിക സുരക്ഷിതത്ത്വം' ഉറപ്പുവരുത്തുക എന്ന വിഷയം ഉയർത്തിപിടിച്ചുകൊണ്ട് മൂവായിരത്തിലധികം വനിതകൾ പങ്കെടുക്കുന്ന വനിതാദിന റാലിയും റാലിയോടനുബന്ധിച്ച് മേഖലാ പ്രാതിനിധ്യത്തിൽ വനിതകളെ പങ്കെടുപ്പിച്ചുകൊണ്ട് കൂട്ടയോട്ടവും സംഘടിപ്പിക്കുന്നു. മാർച്ച് 8 ന് ഉച്ചകഴിഞ്ഞ് 1.30 ന് കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽ നിന്നും ആരംഭിക്കുന്ന വനിതാദിന റാലിയും, കൂട്ടയോട്ടവും തിരുനക്കര മൈതാനിയിൽ അവസാനിക്കും. കൂടാതെ വനിതകൾക്കായി വടംവലി, പഞ്ചഗുസ്തി, ഷോട്ട്പുട്ട് എന്നീ മത്സരങ്ങളും സംഘടിപ്പിക്കും.

## വനിതാദിനത്തിൽ സോളാർ റാന്തൽ വിളക്കുകൾ ലഭ്യമാക്കുന്നു

അന്താരാഷ്ട്ര വനിതാ ദിനാഘോഷത്തോടനുബന്ധിച്ച് കെ.എസ്.എസ്എസിന്റെ നേതൃത്വത്തിൽ കോട്ടയത്ത് സംഘടിപ്പിക്കുന്ന വനിതാദിനാഘോഷ പരിപാടികളോടനുബന്ധിച്ച് ഊർജ്ജ

സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി സോളാർ റാന്തൽ വിളക്കുകൾ സബ്സിഡിയോടു കൂടി ലഭ്യമാക്കുന്നു. 3170 രൂപ വിലയുള്ള സോളാർ റാന്തൽ വിളക്ക് മാർച്ച 1 വരെ മുഴുവൻ തുകയുമടച്ച് ബുക്ക് ചെയ്യുന്നവർക്ക് 2670 രൂപയ്ക്ക് ലഭ്യമാക്കും. കൂടാതെ മാർച്ച് 8-ാം തീയതി 2770 രൂപയ്ക്ക് നേരിട്ടും സോളാർ റാന്തൽ വിളക്കുകൾ ലഭ്യമാക്കുന്നതാണ്. 8-ാം തീയതി ഉച്ചയ്ക്ക് ഒരു മണി മുതൽ കോട്ടയം തിരുനക്കര മൈതാനിയിലെ കൗണ്ടറിൽ നിന്നാണ് സോളാർ വിളക്കുകൾ ലഭ്യമാക്കുന്നത്.

## SAFP കുടുംബ ശാക്തീകരണ പദ്ധതി - പങ്കാളികളുടെ വാർഷിക സംഗമം മാർച്ച് 2ന്

സമൂഹത്തിലെ നിർദ്ധന കുടുംബങ്ങളുടെ ശാക്തീകരണവും സമഗ്ര വികസനവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സേവ് എ ഫാമിലി പ്ലാനുമായി സഹകരിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയിയും 300 ലധികം കുടുംബങ്ങൾക്കായി സമഗ്രവികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. പ്രസ്തുത കുടുംബശാക്തീകരണ പദ്ധതിയിൽ അംഗങ്ങളായിരിക്കുന്നവരുടെ വാർഷിക സംഗമം സംഘടിപ്പിക്കുന്നു. 2013 മാർച്ച് 2-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ ചൈതന്യയിലാണ് സംഗമം സംഘടിപ്പിച്ചിരിക്കുന്നത്.

## SAFP കുടുംബശാക്തീകരണ പദ്ധതി - വിലയിരുത്തൽ യോഗം

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി കാനഡ കേന്ദ്രമായി പ്രവർത്തിക്കുന്ന സേവ് എ ഫാമിലി പ്ലാനുമായി സഹകരിച്ച് നടപ്പിലാക്കുന്ന കുടുംബശാക്തീകരണ പദ്ധതിയിൽ അംഗങ്ങളായവരിൽ സഹായ കാലാവധി അവസാനിച്ച പങ്കാളികളുടെ വിലയിരുത്തൽ യോഗം നടത്തുന്നു. കുടുംബശാക്തീകരണ പദ്ധതിയുടെ പ്രവർത്തന മാർഗ്ഗരേഖ അനുസരിച്ച് 2012 ൽ സഹായകാലാവധിയായ 6 വർഷം പൂർത്തിയാക്കിയ കുടുംബങ്ങൾ, സഹായകാലാവധി പൂർത്തിയാകും മുമ്പ് സ്വയം പര്യാപ്തത കൈവരിച്ച കുടുംബങ്ങൾ, കാനഡയിൽ നിന്നുള്ള ഉപകാരി പിന്മാറിയെങ്കിലും തുടർസഹായം ആവശ്യമില്ലാത്ത കുടുംബങ്ങൾ എന്നീ പങ്കാളികൾക്കാണ് വിലയിരുത്തൽ യോഗം സംഘടിപ്പിച്ചിരിക്കുന്നത്. 2012

ഫെബ്രുവരി 20 ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ചൈതന്യയിൽ സംഘടിപ്പിച്ചിരിക്കുന്ന യോഗത്തോടനുബന്ധിച്ച് പങ്കാളികൾക്കുള്ള അവസാനഘട്ട സഹായ വിതരണവും ഉണ്ടായിരിക്കുന്നതാണ്.

## തിമിര നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുന്നു

കെ.എസ്.എസ്.എസ് അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയുമായി സഹകരിച്ച് നടപ്പിലാക്കുന്ന നേത്രപരിശോധന ക്യാമ്പുകൾ വിവിധ ദിവസങ്ങളിൽ വിവിധ ഗ്രാമങ്ങളിലായി സംഘടിപ്പിക്കുന്നു. ഗ്രാമങ്ങളും തീയതികളും ചുവടെ ചേർക്കുന്നു.

| തീയതി | മേഖല | ഗ്രാമം | സമയം |
|---|---|---|---|
| 21/2/13 | ഇടയ്ക്കാട് | മള്ളൂശ്ശേരി | 9.00-12.00 |
| 20/03/13 | ചുങ്കം | ചുങ്കം | 9.00-12.00 |
| 21/03/13 | മലങ്കര | ഇരവിപേരൂർ | 9.00-12.00 |

## അന്ധ ബധിര വ്യക്തികളുടെ കുടുംബസംഗമം

കെ.എസ്.എസ്.എസ് സെൻസ് ഇന്റർനാഷണലിന്റെ സഹകരണത്തോടെ അന്ധബധിര പുനരധിവാസ പദ്ധതിയുടെ ഭാഗമായി ഫെബ്രുവരി 17-ാം തീയതി രാവിലെ 11 മണി മുതൽ 4 മണിവരെ ചൈതന്യയിൽ അന്ധ ബധിര വ്യക്തികളുടെ കുടുംബ സംഗമം നടത്തപ്പെടുന്നു. സംഗമത്തോടനുബന്ധിച്ച് ബോധവൽക്കരണ സെമിനാറും വിവിധ മത്സരങ്ങളും കലാപരിപാടികളും നടത്തപ്പെടും.

## സി.ബി.ആർ മേഖല സംഗമം

വൈകല്യമുള്ളവരുടെ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സി.ബി.ആർ പ്രവർത്തനങ്ങളുടെ ഭാഗമായി സി.ബി.ആർ അംഗങ്ങളെ സംഘടിപ്പിച്ചുകൊണ്ട് മേഖലാ സംഗമം സംഘടിപ്പിക്കുന്നു. കൈപ്പുഴ സി.ബി.ആർ മേഖല സംഗമം ഫെബ്രുവരി 16-ാം തീയതി നീണ്ടൂരിലും കിടങ്ങൂർ സി.ബി.ആർ മേഖല സംഗമം ഫെബ്രുവരി 28-ാം തീയതി സമരിറ്റൻ റിസോഴ്സ് സെന്ററിലും സംഘടിപ്പിക്കും. സംഗമത്തോടനുബന്ധിച്ച് പ്രമുഖർ പങ്കെടുക്കുന്ന സെമിനാറും വൈവിധ്യങ്ങളാർന്ന മത്സരങ്ങളും സംഘടിപ്പിക്കുന്നതായിരിക്കും.

## സി.ബി.ആർ മെഡിക്കൽ ക്യാമ്പ്

സി.ബി.ആർ ഗ്രൂപ്പിൽ മാനസീകമായി വെല്ലുവിളി നേരിടുന്ന വർക്കുള്ള മെഡിക്കൽ ക്യാമ്പ് ഫെബ്രുവരി 3-ാം തീയതി രാവിലെ 10 മുതൽ ചൈതന്യയിൽ സംഘടിപ്പിക്കുന്നു. ക്യാമ്പിന് കോട്ടയം ജില്ല ആശുപത്രിലെ സൈക്യാട്രിസ്റ്റായ ഡോ. അബ്ദുൾ ലത്തീഫ് നേതൃത്വം നൽകും.

## തെങ്ങിന്റെ ചങ്ങാതിക്കൂട്ടം – 14, 15 ബാച്ചിലേക്കുള്ള പരിശീലനം

കെ.എസ്.എസ്.എസും നാളികേര വികസന ബോർഡും സംയുക്തമായി നടപ്പിലാക്കുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതിയുടെ ഭാഗമായി 14, 15 ബാച്ചുകളിലേയ്ക്കായി തിരഞ്ഞെടുക്കപ്പെട്ടവർക്കായുള്ള പരിശീലനം ഫെബ്രുവരി 17 മുതൽ 23 വരെ തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിക്കുന്നു. പരിശീലനത്തോടനുബന്ധിച്ച് തെങ്ങുകയറ്റ യന്ത്ര പരിചയം, ജൈവകൃഷി രീതി, വിത്ത്, തേങ്ങ സംഭരണം, ആശയ വിനിമയം, സമ്പാദ്യശീലം തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ദ്ധ പരിശീലനവും ലഭിക്കുന്നതാണ്. അടുത്ത ബാച്ചിലേക്കുള്ള പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 9645962464 എന്ന നമ്പറിൽ ബന്ധപ്പെടുക.

## സ്നേഹോത്സവം 2013

6, 7 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി കെ.എസ്.എസ്. എസിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്മാർട്ട് ഗ്രൂപ്പിലെ അംഗങ്ങളുടെ വാർഷിക സംഗമം 'സ്നേഹോത്സവം 2013' എന്ന പേരിൽ വൈവിധ്യങ്ങളാർന്ന പരിപാടികളോടെ സംഘടിപ്പിക്കുന്നു. കഴിഞ്ഞ വർഷത്തിൽ നിന്നും വ്യത്യസ്തമായി 2 ബാച്ചുകളിലായിട്ടാണ് ഈ വർഷം സംഗമം നടത്തപ്പെടുന്നത്. ഏപ്രിൽ 8,9,10 തീയതികളിൽ ഇടയ്ക്കാട്, മലങ്കര, കിടങ്ങൂർ, ഉഴവൂർ മേഖലയിലെ കുട്ടികൾക്കും 11,12,13 തീയതികളിൽ കൈപ്പുഴ, ചുങ്കം, കടുത്തുരുത്തി മേഖലയിലെ കുട്ടികൾക്കുമായി ചേർപ്പുങ്കൽ സമരിറ്റൻ സെന്ററിലാണ് സ്നേഹോത്സവം സംഘടിപ്പിക്കുന്നത്. വ്യത്യസ്തവും ആസ്വാദ്യകരവുമായ ക്ലാസുകളും വർണ്ണോജ്ജ്വലമായ റാലിയും വിശിഷ്ട വ്യക്തികളുമാ

യുള്ള സംവാദവും സ്മാർട്ട് കൂട്ടുകാർക്കായി ഒരുക്കിയിട്ടുണ്ട്. എല്ലാ കൂട്ടുകാരും സംഗമത്തിൽ പങ്കെടുക്കുമല്ലോ

# കെ.എസ്.എസ്.എസ് പോയവാരങ്ങളിൽ

## റബ്ബർ ടാപ്പിംഗ് പരിശീലനം

സ്വയം തൊഴിലിന്റെ അനന്ത സാധ്യതകൾ സ്വാശ്രയസംഘാംഗങ്ങൾക്ക് തുറന്നു കൊടുക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.എസ്.എസ് റബ്ബർ ബോർഡുമായി സഹകരിച്ച് റബ്ബർ ടാപ്പിംഗ് പരിശീലനം സംഘടിപ്പിച്ചു. ജനുവരി 22 ന് സമരിറ്റൻ സെന്ററിൽ സംഘടിപ്പിച്ച 8 ദിവസം നീണ്ടു നിന്ന പരിശീലനത്തിൽ 15 പേർ പങ്കെടുത്തു. പരിശീലനത്തോടനുബന്ധിച്ച് ടാപ്പിംഗ് പരിശീലനം, വളപ്രയോഗം, നല്ലയിനം തൈകൾ, റബ്ബറിന്റെ വിവിധ മൂല്യവർദ്ധിത ഉൽപന്നങ്ങൾ എന്നിവയെക്കുറിച്ച് ക്ലാസ്സുകൾ സംഘടിപ്പിച്ച പരിശീലനത്തിന് ഡെവലപ്പ്മെന്റ് ഓഫീസർ സിസിൽ വർക്കി, ഫീൽഡ് ഓഫീസർ സാജു എസ്. നായർ, ജൂനിയർ ടാപ്പിംഗ് ട്രെയിനർ പി. വി തോമസ് എന്നിവർ നേതൃത്വം നൽകി. അടുത്ത ബാച്ചിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ അനിമേറ്ററിന്റെ പക്കൽ പേര് നൽകേണ്ടതാണ്.

## പശുവളർത്തൽ പരിശീലനം സംഘടിപ്പിച്ചു.

പശുവളർത്തൽ പരിശീലനം സംഘടിപ്പിച്ചു. കെ.എസ്.എസ്.എസും ഡയറി ഡെവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റും സംയുക്തമായി ക്ഷീരകർഷകർക്കായി പശുവളർത്തൽ പരിശീലനം ജനുവരി 23 മുതൽ 30 വരെ ചൈതന്യയിൽ സംഘടിപ്പിച്ചു. ഡയറി എക്സ്റ്റൻഷൻ ഓഫീസർമാരായ ജോഷി ജോസഫ്, കെ.എ തമ്പാൻ, മഹേഷ് നാരായണൻ, സി.ആർ ശാരദ എന്നിവർ ക്ലാസുകൾ നയിച്ചു. പശുവളർത്തലിന്റെ ശാസ്ത്രീയ രീതികൾ, തീറ്റപ്പുൽ കൃഷി, പശുവിന് ഉണ്ടാകുന്ന രോഗങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ ക്ലാസും പഠനയാത്രയും സംഘടിപ്പിച്ചു. ആറ് ദിവസത്തെ പരിശീലനത്തിൽ പങ്കെടുത്ത 40 ക്ഷീരകർഷകർക്ക് ക്ലാസ്സിനോടനുബന്ധിച്ച് 300 രൂപ സ്റ്റൈഫന്റും സർട്ടിഫിക്കറ്റും വിതരണം ചെയ്തു.

## തിമിര നിർണ്ണയ ക്യാമ്പും തിമിര ശസ്ത്രക്രിയയും നടത്തി

കെ.എസ്.എസ്.എസ് അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയുമായി സഹകരിച്ച് നടപ്പിലാക്കുന്ന നേത്രസംരക്ഷണ പദ്ധതിയുടെ ഭാഗമായി തിമിര നിർണ്ണയ ക്യാമ്പും തിമിര ശസ്ത്രക്രിയയും സംഘടിപ്പിച്ചു. ക്യാമ്പിൽ പങ്കെടുത്ത് തിമിര നിർണ്ണയം നടത്തിയ 22 പേരിൽ 15 പേരെ സൗജന്യ തിമിര ശസ്ത്രക്രിയക്ക് വിധേയരാക്കി.

## SAGP ഫിസിയോതെറാപ്പി ക്യാമ്പ് സംഘടിപ്പിച്ചു

കെ.എസ്.എസ്.എസിന്റെയും ഹെൽപേജ് ഇന്ത്യയുടെയും ആഭിമുഖ്യത്തിൽ ചേർപ്പുങ്കൽ, ചാമക്കാല, മകുടാലയം, പറമ്പൻചേരി, മേമ്മുറി, സംക്രാന്തി, ഇസ്റ്റ് നട്ടാശ്ശേരി, കല്ലറ പുത്തൻ എന്നീ ഗ്രാമങ്ങളിലെ സീനിയർ അംഗങ്ങൾക്കായി ഫിസിയോ തെറാപ്പിയും ആരോഗ്യ ബോധവത്ക്കരണ ക്ലാസ്സും സംഘടിപ്പിച്ചു.

## ഫ്രണ്ട്സ് ടീം മീറ്റിംഗും വിനോദയാത്രയും

ജനുവരി 20-ാം തീയതി ഞായറാഴ്ച വാഗമണിലേക്ക് ഫ്രണ്ട്സ് ടീം അംഗങ്ങളുടെ നേതൃത്വത്തിൽ വിനോദയാത്ര സംഘടിപ്പിച്ചു. വിനോദയാത്രയോടനുബന്ധിച്ച് നടത്തിയ വിശുദ്ധ കുർബാനയിലും വിവിധ മത്സരങ്ങളിലും കെ.എസ്.എസ്.എസ് മേഖല സ്റ്റാഫ് അംഗങ്ങളും ഫ്രണ്ട്സ് ടീം അംഗങ്ങളും ഉൾപ്പെടെ 150 പേർ പങ്കുചേർന്നു.

## കെ.എസ്.എസ്.എസ് സുവർണ്ണ ജൂബിലി മുന്നൊരുക്ക പഠനക്യാമ്പ് സംഘടിപ്പിച്ചു

2014 ൽ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന കെ.എസ്.എസ്.എസിന്റെ ജൂബിലി ആഘോഷങ്ങൾക്ക് മുന്നൊരുക്കമായി ഏകദിന പഠനക്യാമ്പ് സംഘടിപ്പിച്ചു. ജനുവരി 15-ാം തീയതി കെ.എസ്.എസ്.എസ് സ്റ്റാഫംഗങ്ങൾക്കായി ചൈതന്യയിലാണ് ഒന്നാംഘട്ട ജൂബിലി മുന്നൊരുക്ക പഠന ക്യാമ്പ് സംഘടിപ്പിച്ചത്. ക്യാമ്പിന് കാരിത്താസ് ഇന്ത്യയിലെ കൃഷി പരിസ്ഥിതി വിദഗ്ദ്ധനായ ഡോ. വി. ആർ ഹരിദാസ് നേതൃത്വം നൽകി.

## തെങ്ങിന്റെ ചങ്ങാതിക്കൂട്ടം – ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു

തെങ്ങു കയറ്റത്തിന്റെ അനന്ത സാധ്യതകൾ ജനങ്ങളിൽ എത്തിക്കുന്നതോടൊപ്പം നാളികേര സംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ കെ.എസ്.എസ്. എസിന്റെയും നാളികേര വികസന ബോർഡിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതിയുടെ 14, 15 ബാച്ചിലേക്കുള്ള അംഗങ്ങൾക്കായുള്ള പ്രാഥമിക ബോധവത്ക്കരണ ക്ലാസ്സ് ജനുവരി 19ന് ചൈതന്യയിൽ സംഘടിപ്പിച്ചു. ക്ലാസ്സിൽ 39 അംഗങ്ങൾ പങ്കെടുത്തു.

## കുടുംബ ശാക്തീകരണ പദ്ധതി – ഗ്രാമതല മീറ്റിംഗുകൾ പൂർത്തിയായി

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി സേവ് എ ഫാമിലി പ്ലാനുമായി സഹകരിച്ച് നടപ്പിലാക്കുന്ന കുടുംബശാക്തീകരണ പദ്ധതിയിലെ പങ്കാളികളുടെ ജനുവരി മാസത്തിലെ ഗ്രാമതല മീറ്റിംഗുകൾ പൂർത്തിയായി. മേഖലാതല അനിമേറ്റർമാരുടെ നേതൃത്വത്തിൽ എല്ലാ ഗ്രാമങ്ങളിലും പങ്കാളികൾക്കായി അർദ്ധദിന പരിശീലനമാണ് സംഘടിപ്പിച്ചത്. പുതുവത്സര ചിന്തകളെ അടിസ്ഥാനമാക്കിയുള്ള ബോധവത്ക്കരണ ക്ലാസിനും ചർച്ചകൾക്കും പുറമേ വരുമാന പദ്ധതി പുരോഗതി വിലയിരുത്തൽ, കുടുംബത്തിന്റെ സമഗ്ര വളർച്ചയിലുണ്ടാകുന്ന പുരോഗതി പങ്കുവയ്ക്കൽ എന്നിവയും ഗ്രാമതല മീറ്റിംഗിന്റെ ഭാഗമായി നടത്തി.

## സ്മാർട്ട് പ്ലസ് സംഗമം

2012 ഡിസംബർ 28-ാം തീയതി സ്മാർട്ട് പ്ലസ് കുട്ടികൾക്കായി സംഗമവും ഏകദിന സെമിനാറും സംഘടിപ്പിച്ചു. വിവിധ ഗ്രാമങ്ങളിൽ നിന്നായി 27 കുട്ടികൾ പങ്കെടുത്ത സംഗമത്തിൽ സ്കോളർഷിപ്പ് സ്പോൺസർ ചെയ്ത സിബി ഐക്കരത്തുണ്ടത്തിൽ കുട്ടികളുമായി സംവദിച്ചു. കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ ക്ലാസുകൾ നയിച്ചു. തുടർന്ന് സ്കോളർഷിപ്പ് വിതരണവും നടത്തി.

## പുതുവർഷത്തിൽ വിജയത്തിളക്കവുമായി സി.ബി.ആർ കുരുന്നുകൾ

ലയൺസ് ക്ലബ് ഇന്റർനാഷണലിന്റെ ആഭിമുഖ്യത്തിൽ ജനുവരി 6-ാം തീയതി പാല നെല്ലിയാനിയിൽ വൈകല്യമുള്ളവർക്കായി നടത്തപ്പെട്ട കലാ-കായിക മത്സരങ്ങളിൽ കെ.എസ്.എസ്.എസ് ബി.ആർ കുട്ടികൾ ഓവറോൾ ട്രോഫി കരസ്ഥമാക്കി. കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ 32 സ്പെഷ്യൽ സ്കൂളുമായി മത്സരിച്ചാണ് ഇവർ ഈ വിജയം നേടിയത്. കലാമത്സരങ്ങളിൽ ഒന്നാം സ്ഥാനവും കായികമത്സരങ്ങളിൽ മൂന്നാം സ്ഥാനവും ലഭിച്ചു. വൈകല്യങ്ങളെ വെല്ലുവിളിയായി സ്വീകരിച്ച് മത്സരങ്ങളിൽ പങ്കാളികളായ കെ.എസ്.എസ്.എസിന്റെ സി.ബി.ആർ കുട്ടികൾക്കും അവർക്ക് എല്ലാവിധ പിന്തുണയും പ്രോത്സാഹനവും നൽകിയ അനിമേറ്റേഴ്സിനും അഭിനന്ദനങ്ങൾ!

## ഹൈറേഞ്ചിൽ പശുവളർത്തൽ പരിശീലനം സംഘടിപ്പിച്ചു

കെ.എസ്.എസ്.എസും ഡയറി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റും സംയുക്തമായി ഹൈറേഞ്ച് മേഖലയിലുള്ള സ്വാശ്രയ സംഘാംഗങ്ങൾക്ക് ജനുവരി 9 മുതൽ 16 വരെ എൻ. ആർ സിറ്റിയിൽ പശുവളർത്തൽ പരിശീലനം സംഘടിപ്പിച്ചു. ഡയറി ഡെവലപ്പ്മെന്റ് ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പൽ ജാക്സൺ നേതൃത്വം നൽകി. എൻ. ആർ സിറ്റി ഗ്രാമവികസന സമിതി പ്രസിഡന്റ് മാത്യു കണ്ണാലയിൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. 40 പേർ പരിശീലനത്തിൽ പങ്കെടുത്തു.

## തയ്യൽ മിഷ്യൻ വിതരണം പൂർത്തിയായി

കെ.എസ്.എസ്.എസ് നടപ്പിലാക്കുന്ന ഗ്രാമീണ തയ്യൽ തൊഴിൽ പ്രോത്സാഹനം പദ്ധതിയുടെ ഭാഗമായുള്ള തയ്യൽ മെഷീൻ വിതരണം പൂർത്തിയായി. 529 മിഷ്യൻ മേഖലാ തലത്തിൽ വിതരണം ചെയ്തു. തയ്യൽ മിഷ്യൻ ഗ്രാമങ്ങളിൽ നേരിട്ട് ലഭ്യമാക്കുന്നതിനും തവണകളായി തുകയടക്കുന്നതിനുമുള്ള സൗകര്യം, സർവ്വീസിംഗ് എന്നിവയും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി

## ജൈവവൈവിധ്യ സംരക്ഷണ ബോധവൽക്കരണ സെമിനാറും വൃക്ഷത്തൈ നടീലും സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡെവലപ്പ്മെന്റിന്റെ സഹകരണത്തോടെ ജൈവവൈവിധ്യ സംരക്ഷണം എന്ന വിഷയത്തെ ആസ്പദമാക്കി ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. എസ്.എച്ച് മൗണ്ട് ഗ്രാമത്തിൽ സംഘടിപ്പിച്ച ബോധവൽക്കരണ സെമിനാറിൽ കെ.എസ്.എസ്.എസ് പ്രോഗ്രാം കോർഡിനേറ്റർ സി. ലിനറ്റ് ജൈവവൈവിധ്യ സംരക്ഷണ സ്വാശ്രയ സംഘാംഗങ്ങളിലൂടെ എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നയിച്ചു. തുടർന്ന് കോട്ടയം നഗരസഭ കൗൺസിലർ ടി.സി റോയിയുടെ അധ്യക്ഷതയിൽ കൂടിയ പൊതുസമ്മേളനത്തിന്റെ ഉദ്ഘാടനം തോമസ് ചാഴികാടൻ എക്സ് എം.എൽ.എ നിർവ്വഹിച്ചു. സെമിനാറിന്റെ ഭാഗമായി വൃക്ഷത്തൈ നടീലും സംഘടിപ്പിച്ചു.

**ഫാ. മൈക്കിൾ വെട്ടിക്കാട്ട്**

സെക്രട്ടറി, കെ.എസ്.എസ്.എസ്

## തൂവാനീസ പ്രോഗ്രാം

| | | |
|---|---|---|
| ഫെബ്രുവരി | 15 – 17 | പരീക്ഷാ ഒരുക്കധ്യാനം (കുട്ടികൾക്ക്) |
| | 24 – 25 | ആന്തരിക വിശുദ്ധീകരണ ധ്യാനം<br>ഫാ. ബിജു കൊച്ചുപറമ്പിൽ & ടീം |
| 2013 മാർച്ച് | 1 – 3 | തപസ് ധ്യാനം (ജീസസ് യൂത്ത് ടീം) |
| | 8 – 11 | വിശ്വാസവർഷ ധ്യാനം<br>(ഗർഭിണികൾക്കുമുള്ള ധ്യാനം)<br>ഫാ. കുര്യാക്കോസ് കുഴിവേലിൽ & ടീം |
| | 13 – 15 | വിൻസെന്റ് ഡി പോൾ സൊസൈറ്റി ധ്യാനം |
| | 18 – 20 | വിൻസെന്റ് ഡി പോൾ സൊസൈറ്റി ധ്യാനം |
| | 24 – 28 | ആന്തരിക വിശുദ്ധീകരണ ധ്യാനം<br>ഫാ. ബിജു കൊച്ചുപറമ്പിൽ & ടീം |

# കരിസ്മാറ്റിക് കമ്മീഷൻ

## ഇടവക നവീകരണ ധ്യാനം

എസ്.എച്ച്. മൗണ്ട്, ഇടയ്ക്കാട്, രാമമംഗലം, കടുത്തുരുത്തി, എൻ. ആർ. സിറ്റി, മാറിടം, ഞീഴൂർ, കൂടല്ലൂർ ഇടവകകളിൽ തൂവാനീസ ടീമിന്റെ നേതൃത്വത്തിൽ ഇടവക നവീകരണ ധ്യാനം നടത്തി.

## ക്രിസ്റ്റീൻ ധ്യാനം

കൂടല്ലൂർ, കുറുപ്പന്തറ, ഇടക്കോലി ഇടവകകളിൽ ജീസസ് യൂത്ത് ടീമിന്റെ നേതൃത്വത്തിലും പിറവം, മുട്ടം, പാച്ചിറ ഇടവകകളിൽ എസ്. വി.എം. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിലും ക്രിസ്റ്റീൻ ധ്യാനങ്ങൾ നടത്തി.

## ജീസസ് യൂത്ത്

രണ്ടാം ഞായറാഴ്ചകളിൽ പതിവായി നടത്തുന്ന ജീസസ് യൂത്ത് കൂട്ടായ്മ കൂടുതൽ അംഗങ്ങളുടെ പങ്കാളിത്തത്തോടെ ജനുവരി 13 ന് നടത്തപ്പെട്ടു. നീണ്ടൂർ, കുറുപ്പന്തറ ഇടവകകളിൽ പുതുതായി പ്രാർത്ഥനാ കൂട്ടായ്മകൾ ആരംഭിച്ചു.

## ലീഡേഴ്സ് ട്രെയിനിംഗ്

ജനുവരി 24 മുതൽ 26 വരെ ശുശ്രൂഷകർക്കായി ലീഡേഴ്സ് ട്രെയിനിംഗ് തൂവാനീസായിൽ നടത്തപ്പെട്ടു. ബ്ര. തോമസ് കുര്യൻ നേതൃത്വം നൽകി. 30-ഓളം ലീഡേഴ്സ് പങ്കെടുത്തു.

## ജാഗരണ പ്രാർത്ഥന

തൂവാനീസാ പ്രാർത്ഥനാലയത്തിൽ എല്ലാ ചൊവ്വാഴ്ചയും 8.30 p.m. മുതലും, എല്ലാ വെള്ളിയാഴ്ചകളിലും 7.00 p.m. മുതലും ജാഗരണ പ്രാർത്ഥന നടത്തി വരുന്നു.

## മദ്ധ്യസ്ഥ പ്രാർത്ഥന

എല്ലാ ദിവസവും രാവിലെ 10 മുതൽ 1 മണിവരെയും, വെള്ളിയാഴ്ചകളിൽ 4 p.m. വരെയും മദ്ധ്യസ്ഥ പ്രാർത്ഥന ദിവ്യകാരുണ്യാരാധനയോടെ നടത്തിവരുന്നു.

## തപസ് ധ്യാനം

എല്ലാ മാസവും ആദ്യവെള്ളി മുതൽ ആദ്യ ഞായർ വരെ തൂവാനീസായിൽ ജീസസ് യൂത്ത് ടീമിന്റെ നേതൃത്വത്തിൽ തപസ് ധ്യാനം നടത്തിവരുന്നു.

## സർവ്വീസ് ടീം കൂട്ടായ്മ

തൂവാനീസാ സർവ്വീസ് ടീം കൂട്ടായ്മ ജനുവരി 6ന് ഞായറാഴ്ച എബ്രഹാം കിഴവള്ളിയുടെ ഭവനത്തിൽ നടത്തപ്പെട്ടു.

## തൂവാനീസായിൽ കൗൺസിലിംഗ് സൗകര്യം

മുൻകൂട്ടി ബുക്ക് ചെയ്യുന്നവർക്ക് തൂവാനീസായിൽ കൗൺസിലിംഗ് സൗകര്യം ലഭ്യമാണ്.

ഫാ. അബ്രഹാം കൊച്ചുപറമ്പിൽ (Mob: 9446708469), ഫാ. കുര്യാക്കോസ് കുഴിവേലിൽ (Mob: 9496461950).

# വിൻസെന്റ് ഡി പോൾ

## കോൺഫ്രൻസ് ഭാരവാഹികൾക്ക് ദ്വിദിന സെമിനാർ

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കോട്ടയം സെൻട്രൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കോൺഫ്രൻസ് ഭാരവാഹികൾക്കായി നടത്തുന്നു. സെമിനാറിന്റെ ആദ്യ ബാച്ച് മലബാർ മേഖലയിലെ മടമ്പം, മലബാർ, രാജപുരം, പെരിക്കല്ലൂർ എ.സി. കളിലെ കോൺഫ്രൻസ് ഭാരവാഹികൾക്കായി ജനുവരി 26, 27 തീയതികളിൽ കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽവച്ച് നടത്തി. ബറുമറിയം പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ. ഫാ. ജോസ് ചിറപ്പുറത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അഭിവന്ദ്യ മാർ ജോസഫ് പണ്ടാരശ്ശേരിൽ സെമിനാർ ഉദ്ഘാടനം ചെയ്തു.

വിവിധ വിഷയങ്ങളെ ആസ്പദമാക്കി ബ്ര. ബേബി സിറിയക്ക് (തലശ്ശേരി സി. സി. പ്രസിഡന്റ്), ബ്ര. പി.ഐ. ജോസഫ് (നാഷണൽ കൗൺസിൽ ജോ. സെക്രട്ടറി), ബ്ര. ഇ. എം. ജി. ചന്ദനപ്പള്ളി (പത്തനംതിട്ട സി. സി. പ്രസിഡന്റ്), ബ്ര. ബേബി തെക്കൻ (കെ.ആർ.സി.സി. കോ-ഓർഡിനേറ്റർ), ബ്ര. എൽ. സി. തോമസ് (സി.സി. ട്രഷറർ) എന്നിവർ ക്ലാസുകൾ നയിച്ചു. സി. സി. പ്രസിഡന്റ് ബ്ര. കെ. ജെ. ജോസ്, സി. സി. വൈസ് പ്രസിഡന്റ് ബ്ര. സി. ജെ. ജോസ്, സി. സി. ജോ. സെക്രട്ടറി ബ്ര. എം. കെ. ജോസ് എന്നിവരും സംസാരിച്ചു. കോട്ടയം മേഖലയിലെ ഭാരവാഹികൾക്കുള്ള സെമിനാർ ഫെബ്രുവരി 16, 17 തീയതികളിൽ ചൈതന്യയിൽ നടത്തുന്നതാണ്.

## പുതിയ പ്രസിഡന്റ്

മാന്നാനം സെന്റ് സ്റ്റീഫൻസ് കോൺഫ്രൻസ് പ്രസിഡന്റായി ബ്ര. ഒ. ജെ. കുരുവിള ഓണശ്ശേരിൽ തെരഞ്ഞെടുക്കപ്പെട്ടു.

# കെ.സി.സി.

ക്നാനായ കത്തോലിക്കാ കോൺഗ്രസിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടപ്പിലാക്കുന്ന ഭവനപുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നീണ്ടൂർ പള്ളിയിൽവച്ച് നടത്തി. ആദ്യ ഭവനത്തിന്റെ പുനരുദ്ധാരണത്തിനുള്ള തുക പ്രസി. ജോയി മുപ്രാപ്പിള്ളി വികാരി ഫാ. സജി മെത്താനത്തിന് കൈമാറി. ചടങ്ങിൽ കത്തോലിക്കാ കോൺഗ്രസിന്റെ ശാഖാ - ഫൊറോന - അതിരൂപതാ ഭാരവാഹികൾ പങ്കെടുത്തു.

ഏപ്രിൽ 12, 13, 14 തീയതികളിൽ നീണ്ടൂർ വച്ച് നടത്തുന്ന പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സ്വാഗതസംഘം ഓഫീസ് നീണ്ടൂർ പള്ളിയിൽ പ്രവർത്തനം ആരംഭിച്ചു. കായിക - കലാ മത്സരങ്ങൾ, സെമിനാറുകൾ, ചലച്ചിത്ര താരങ്ങൾ പങ്കെടുക്കുന്ന 'മെഗാഷോ, സഭാ സാമുദായിക സാംസ്കാരിക നായകർ പങ്കെടുക്കുന്ന പൊതുസമ്മേളനം എന്നിവയാണ് ആഘോഷങ്ങളിലെ പ്രധാന പരിപാടികൾ.

പ്രൊഫ. ബാബു പൂഴിക്കുന്നേൽ (ജന. സെക്രട്ടറി)

# കെ. സി. വൈ. എൽ.

## വിശ്വാസപ്രഘോഷണ റാലി ശ്രദ്ധേയമായി

കെ.സി.വൈ.എൽ. ഇടയ്ക്കാട്ട് ഫൊറോനാ സമിതിയുടെ ആഭിമുഖ്യത്തിൽ ആഗോള കത്തോലിക്കാ സഭ വിശ്വാസവർഷം ആചരിക്കുന്നതിന്റെ ഭാഗമായും ദൈവദാസൻ മാർ മാക്കീൽ പിതാവിന്റെ 99-ാം ചരമവാർഷിക ദിനത്തോടനുബന്ധിച്ചും ഇടയ്ക്കാട്ട് ഫൊറോന പള്ളിയിലുള്ള കബറിടത്തിങ്കലേയ്ക്ക് വിശ്വാസപ്രഘോഷണ റാലി നടത്തി. കോട്ടയം ക്രിസ്തുരാജ കത്തീഡ്രലിൽ അതിരൂപതാ വികാരി ജനറാൾ മോൺ. മാത്യു ഇളപ്പാനിക്കൽ, ഇടയ്ക്കാട്ട് ഫൊറോന പ്രസിഡന്റ് വിജയ് മുകളേലിനും അതിരൂപതാ ജനറൽ സെക്രട്ടറി അഡ്വ. നിധിൻ പുല്ലുകാടനും പതാക

കൈമാറിക്കൊണ്ട് റാലി ഉദ്ഘാടനം ചെയ്തു. ഫാ. എബ്രഹാം പറമ്പേട്ട്, റവ. ഡോ. മാത്യു കുരൃത്തറ, വിജയ് മുകളേൽ, അഡ്വ. നിധിൻ പുല്ലുകാടൻ, രാജു ആലപ്പാട്ട്, ആഷ്‌ലി അഴകുളം, അജോമോൻ പൂത്തറ, ജോൺ പി. പാപ്പച്ചൻ, റ്റിജോ മേടയിൽ, കെവിൻ കൂവക്കട, ആൻ മരിയ, സിനോ ലൂക്കോസ് ആക്കത്തെക്കേതിൽ, ഏയ്ഞ്ചൽ മരിയ എന്നിവർ പ്രസംഗിച്ചു.

# കെ. സി. എസ്. എൽ.

## അതിരൂപതാ വാർഷികം

കെ. സി. എസ്. എൽ. കോട്ടയം അതിരൂപതാ വാർഷിക സമ്മേളനം 2013 ഫെബ്രുവരി 7-ാം തീയതി ഉച്ചകഴിഞ്ഞ് 2.30ന് കൂടല്ലൂർ സെന്റ് ജോസഫ്സ് യു. പി. സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. കെ. സി. എസ്. എൽ. എക്സിക്യൂട്ടീവ് അംഗങ്ങൾ, ആനിമേറ്റേഴ്സ്, വിവിധ സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥി പ്രതിനിധികൾ എന്നിവർ മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്. ഈ അധ്യയനവർഷം കെ.സി. എസ്.എൽ. അതിരൂപതാ സാഹിത്യ കലാമത്സരങ്ങളിൽ സമ്മാനാർഹരായ വിദ്യാർത്ഥികൾക്കും സ്കൂളുകൾക്കും സമ്മാനങ്ങളും ട്രോഫികളും പ്രസ്തുത സമ്മേളനത്തിൽ വച്ച് നൽകപ്പെടുന്നതാണ്.

# ചെറുപുഷ്പമിഷൻലീഗ്

## ശാഖാ സന്ദർശനം നടത്തി

കടുത്തുരുത്തി, പാഴുത്തുരുത്ത്, കുറുമുള്ളൂർ, മകുടാലയം, നീണ്ടൂർ, പാലത്തുരുത്ത്, ചെറുകര, മാറിടം, പുന്നത്തുറ, ചുങ്കം, കരിങ്കുന്നം, കിഴക്കേ നട്ടാശ്ശേരി, നീറിക്കാട്, ഒളശ്ശ, വാകത്താനം, വെളിയനാട്, ചെങ്ങളം എന്നീ ശാഖകളിൽ അതിരൂപതാ ഭാരവാഹികൾ ജനുവരി മാസത്തിൽ ശാഖാ സന്ദർശനം നടത്തി.

## അതിരൂപതാ വാർഷികം

അതിരൂപതാ വാർഷികവും വിശ്വാസപ്രഘോഷണ റാലിയും 2013 ഏപ്രിൽ 8ന് വിപുലമായ പരിപാടികളോടെ നടത്തുന്നു. വിശദ വിവരങ്ങൾ ഉടനെ അറിയിക്കുന്നതാണ്.

സിജോയ് പറപ്പള്ളിൽ (അതിരൂപതാ പ്രസിഡന്റ്)

# തിരുബാലസഖ്യം

അതിരൂപതാ തിരുബാലസഖ്യം കലാ മത്സരം ജനുവരി 19 ശനിയാഴ്ച ചൈതന്യയിൽവച്ച് നടത്തി. മത്സരങ്ങളെല്ലാം ഉന്നത നിലവാരം പുലർത്തുന്നവയായിരുന്നു. 10 മണിക്ക് തുടങ്ങിയ മത്സരങ്ങൾ 1 മണിക്ക് അവസാനിച്ചു. സംഗീതം, ബൈബിൾ കഥ, ബൈബിൾ വചനം, കളറിങ്ങ്, ആക്ഷൻ സോംഗ് എന്നീ ഇനങ്ങളിലായിരുന്നു മത്സരം. കൈപ്പുഴ, ചുങ്കം ഫൊറോനകൾ തുല്യ പോയിന്റോടുകൂടി ഒന്നാം സ്ഥാനത്തെത്തി. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ കുട്ടികൾക്ക് പ്രത്യേക സമ്മാനവും, പങ്കെടുത്ത എല്ലാവർക്കും പ്രോത്സാഹന സമ്മാനവും നൽകി. കഴിഞ്ഞവർഷത്തെ മികച്ച ശാഖയായി തെരഞ്ഞെടുത്ത അരീക്കര ശാഖയ്ക്ക് ട്രോഫിയും നൽകി. ഇതിൽ പങ്കെടുക്കുകയും സഹകരിക്കുകയും ചെയ്തവർക്ക് നന്ദിയും അഭിനന്ദനവും അറിയിക്കുന്നു. ഫെബ്രുവരി 10 ഞായർ തിരുബാലസഖ്യ ദിനമായതിനാൽ അന്നേ ദിവസം ഭംഗിയായി ആഘോഷിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

ഡയറക്ടർ

# മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

## സംസ്ഥാന സർക്കാരിന്റെ ജലനിധി പദ്ധതിയിലേക്ക് മാസ്സ് തെരഞ്ഞെടുക്കപ്പെട്ടു

കണ്ണൂർ : കേരള സർക്കാർ ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ഗ്രാമീണ ശുദ്ധജല പദ്ധതിയായ ജലനിധിയുടെ നടത്തിപ്പ് ഏജൻസിയായി മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ തെരഞ്ഞെടുത്തു. സംസ്ഥാനതലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിലാണ് ജലനിധി പദ്ധതി നടപ്പിലാക്കുന്നത്. കാസർഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനാണ് മാസ്സിനെ തെരഞ്ഞെടുത്തത്. പങ്കാളിത്ത വികസന പ്രവർത്തനങ്ങളിലൂടെ ഗ്രാമീണ ജനതയ്ക്ക് കുടിവെള്ളം എത്തിക്കുക എന്നതാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ജലസ്രോതസ്സ് ശക്തിപ്പെടുത്തൽ, നിർത്തടവികസന പ്രവർത്തനങ്ങൾ, ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവ

രുത്തൽ, ശുചിത്വപദ്ധതികൾ, ജനപങ്കാളിത്ത ശാക്തീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കും. മണ്ണ് - ജല സംരക്ഷണ പ്രവർത്തനങ്ങളിൽ കാസർഗോഡ് ജില്ലയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന മാസ്സിന് ലഭിച്ച അംഗീകാരമാണ് പദ്ധതിയിലേക്കുള്ള തെരഞ്ഞെടുപ്പ്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി മാസ്സ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, പ്രോഗ്രാം ഓഫീസർ അബ്രാഹം യു. പി., പ്രോജക്ട് ഓഫീസർ ജസ്റ്റിൻ ലൂക്കോസ് എന്നിവർ ഈസ്റ്റ് എളേരി പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, വാർഡ് മെമ്പർമാർ എന്നിവരുമായി പ്രാഥമിക ചർച്ചകൾ നടത്തുകയും പ്രവർത്തനമാർഗരേഖ തയ്യാറാക്കുകയും ചെയ്തു.

## മറ്റുള്ളവർക്ക് പ്രചോദനമാകണം ക്നാനായ സ്റ്റാഴ്സ് : മാർ ജോസഫ് പണ്ടാരശ്ശേരിൽ

കണ്ണൂർ : മറ്റുള്ളവർക്ക് പ്രചോദനമായി തിളങ്ങേണ്ടവരാണ് ക്നാനായ സ്റ്റാഴ്സ് എന്ന് കോട്ടയം അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ അഭിപ്രായപ്പെട്ടു. ക്നാനായ സ്റ്റാഴ്സ് ഡവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി സംഘടിപ്പിച്ച വയനാട് മേഖല ക്നാനായ സ്റ്റാഴ്സ് സംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പാവന പാസ്റ്ററൽ സെന്ററിൽ നടന്ന സംഗമത്തിൽ മനസ് കൗൺസലിംഗ് സെന്റർ കൗൺസിലർ സുജൻ തോമസ് ക്ലാസ് നയിച്ചു.

മടമ്പം മേഖല ക്നാനായ സ്റ്റാഴ്സ് സംഗമം ചമതച്ചാൽ സെന്റ് സ്റ്റീഫൻസ് പാരിഷ് ഹാളിൽ ഫാ. റെജി പാട്ടക്കണ്ടം ഉദ്ഘാടനം ചെയ്തു. രാജപുരം ക്നാനായ സ്റ്റാഴ്സ് സംഗമം കള്ളാർ പാരിഷ് ഹാളിൽ ഫാ. ബാബു പാറത്തോട്ടുംകര ഉദ്ഘാടനം ചെയ്തു. മാസ്സ് പ്രോഗ്രാം മാനേജർ അബ്രാഹം യു. പി., മാസ്സ് പ്രോജക്റ്റ് ഓഫീസർ ആഷ്ന, മേഖല കോർഡിനേറ്റേഴ്സ്, ആനിമേറ്റേഴ്സ് എന്നിവർ വിവിധ സ്ഥലങ്ങളിൽ നേതൃത്വം നൽകി.

## സൗജന്യ തെങ്ങുകയറ്റ യന്ത്രം വിതരണം ചെയ്തു

കണ്ണൂർ : മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി നാളികേര വികസനബോർഡിന്റെ സഹകരണത്തോടു കൂടി നടപ്പിലാക്കുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതിയുടെ ഭാഗമായുള്ള 6-ാം ബാച്ച് തെങ്ങു കയറ്റ പരിശീലനം ശ്രീപുരം മാസ്സ് ട്രെയിനിംഗ് സെന്ററിൽ ആരംഭിച്ചു.

കോട്ടയം അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ അദ്ധ്യക്ഷത വഹിച്ച പൊതുസമ്മേളനം ഫങ്ങ്ഷണൽ വെക്കേഷണൽ ട്രെയിനിംഗ് & റിസേർച്ച് സൊസൈറ്റി (FVTRS) എക്സിക്യൂട്ടീവ് ഡയറക്ടർ ആൽബർട്ട് ജോസഫ് ഉദ്ഘാടനം ചെയ്തു. മാസ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ ആമുഖപ്രഭാഷണം നടത്തി. സൊസൈറ്റി മാസ്റ്റർ ട്രെയിനേഴ്സ് ബാബു പി.എം., സജിത്ത് എൻ. പി. എന്നിവർ പ്രസംഗിച്ചു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ വെക്കേഷണൽ ട്രെയിനിംഗ് നടത്തി വരുന്ന FVTRS എന്ന ഓർഗനൈസേഷന്റെ മുഖ്യകാര്യദർശി ആൽബർട്ട് ജോസഫ് തെങ്ങുകയറ്റ യന്ത്ര വിതരണം ഉദ്ഘാടനം ചെയ്തു. മാസ് പ്രോജക്ട് ഓഫീസർ ജസ്റ്റിൻ ലൂക്കോസ് നന്ദി പറഞ്ഞു.

ജനുവരി 21 മുതൽ 26 വരെ മാസ്സ് ട്രെയിനിംഗ് സെന്ററിൽ നടക്കുന്ന തെങ്ങുകയറ്റ പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പള്ളിക്കുന്ന് ഓഫീസിൽ (04972701833) പേരു രജിസ്റ്റർ ചെയ്യണം എന്ന് മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ അറിയിച്ചു.

## ഗോത്രവർഗ്ഗക്ഷേമ പ്രവർത്തനം

കണ്ണൂർ : മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കേന്ദ്രസർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന മൈക്രോ മിനി സ്മോൾ മീഡിയം എന്റർപ്രൈസസ് ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (MSMEDI) മായി സഹകരിച്ചുകൊണ്ട് പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകളുടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രാജപുരം മേഖലയിലെ പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകളെ തയ്യൽ പഠിപ്പിക്കുന്നു. പ്രസ്തുത പരിശീലന പരിപാടിയുടെ ഉദ്ഘാടനം MSMEDI യുടെ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ശാന്തിലിംഗം നിർവ്വഹിച്ചു. വാർഡ് മെമ്പർ വി. അബ്ദുള്ള അദ്ധ്യക്ഷത വഹിച്ചു. മാസ് പ്രോഗ്രാം മാനേജർ അബ്രാഹം ഉള്ളാടപ്പുള്ളിൽ സ്വാഗതപ്രസംഗം നടത്തി. മേരിക്കുട്ടി ജോജോ, ലാലി സണ്ണി, ആർ. സി. ജോസഫ് എന്നിവർ ആശംസ പ്രസംഗം നടത്തി. ജോൺസൺ പെരുമ്പടപ്പിൽ നന്ദി പറഞ്ഞു. തയ്യൽ പരിശീലനത്തിന് പുറമെ നിരവധി വിഷയങ്ങളിൽ ബോധവൽക്കരണ പരിപാടിയും നടത്തുന്നു.

## പാരിസ്ഥിതികം - 2013

കണ്ണൂർ : മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി സംസ്ഥാന പരിസ്ഥിതി ബോർഡുമായി സഹകരിച്ച് വയനാട് ജില്ലയിൽ നടപ്പാക്കുന്ന 'പാരിസ്ഥിതികം 2013' ന്റെ ഭാഗമായി വെള്ളമുണ്ട ഗ്രാമപഞ്ചായത്തിലെ മംഗലശേരി ഗവ. എൽ. പി. സ്കൂളിൽവച്ച് 'വനനശീകരണം പ്രകൃതിക്ക് വരുത്തുന്ന ആഘാതം' എന്ന വിഷയത്തിൽ ബോധവൽക്കരണപരിപാടി സംഘടിപ്പിച്ചു. പരിപാടിയുടെ ഉദ്ഘാടനം നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (DFO) എ. ഷാനവാസ് ഉദ്ഘാടനം ചെയ്തു. മംഗലശ്ശേരി വനസംരക്ഷണസമിതി ചെയർമാൻ കെ. വിജയൻ അദ്ധ്യക്ഷത വഹിച്ചു. വനസംരക്ഷണ സമിതി സെക്രട്ടറി റ്റി. ജി. ശശിധരൻ നായർ (ബീറ്റ് ഫോറസ്റ്റ് ഓഫീസർ) സ്വാഗതപ്രസംഗം നടത്തി. വാർഡ് മെമ്പർ ഗ്രേസി ബെന്നി ആശംസപ്രസംഗം നടത്തി. മാസ് പ്രോഗ്രാം മാനേജർ അബ്രാഹം ഉള്ളാടപ്പുള്ളിൽ ക്ലാസെടുത്തു. ബീറ്റ് ഫോറസ്റ്റ് ഓഫീസർ മണികണ്ഠൻ നന്ദി പറഞ്ഞു.

മാസ് സ്റ്റാഫ് അംഗങ്ങളായ ജിജോയി പാലക്കത്തടത്തിൽ, കെ. ജയകുമാർ, കുമാരി അനു, വി.എസ്.എസ്. ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

പാരിസ്ഥിതികം പദ്ധതി പ്രകാരം സ്കൂൾ കുട്ടികൾക്ക് ഉപന്യാസം, ക്വിസ്സ് മത്സരങ്ങൾ, വനിത സ്വാശ്രയസംഘം അംഗങ്ങൾക്ക് ബോധവൽക്കരണപരിപാടികൾ, സ്വാശ്രയസംഘം ലീഡേഴ്സിന് ജൈവവള നിർമ്മാണ പരിശീലനം എന്നിവ വയനാട്ടിലെ വിവിധ സ്ഥലങ്ങളിൽ സംഘടിപ്പിക്കുന്നതാണ്.

## ചൈൽഡ് ഡെവലപ്മെന്റ് പദ്ധതിയിലേയ്ക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു

ശാരീരികവും മാനസികവുമായി ന്യൂനത ഉള്ള കുട്ടികളുടെ സമഗ്ര പുരോഗതി ലക്ഷ്യം വച്ചുകൊണ്ട് മാസ്സ് എസ്.എൽ.എഫ്. എന്ന സംഘടനയുമായി ചേർന്നു നടപ്പിലാക്കുന്ന സി.ബി.ആർ. ചൈൽഡ് ഡെവലപ്മെന്റ് പദ്ധതിയിലേയ്ക്ക് പുതിയതായി മലബാർ മേഖലയിൽ നിന്നു 20 കുട്ടികളെ തിരഞ്ഞെടുത്തു.

## ക്ഷയരോഗ ബോധവൽക്കരണം

മാസ്സ് കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിൽ ക്ഷയരോഗ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.

## സൗരോർജ്ജ റാന്തൽ വിളക്കുകൾ വിതരണം ചെയ്യുന്നു

പാരമ്പര്യ ഊർജ്ജ സ്രോതസുകളെ സംരക്ഷിക്കുന്നതിന്റെയും പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി മാസ്സ് പ്രവർത്തന മേഖലകളിലെ സംഘ അംഗങ്ങൾക്ക് സബ്സിഡി നിരക്കിൽ സൗരോർജ്ജ റാന്തൽ വിളക്കുകൾ വിതരണം ചെയ്തു. വിശദവിവരങ്ങൾക്ക് വില്ലേജ് ആനിമേറ്റേഴ്സുമായി ബന്ധപ്പെടുക.

## സെമിനാർ സംഘടിപ്പിച്ചു

മാസ്സ് കേരള ഗവൺമെന്റ് പരിസ്ഥിതി, കാലാവസ്ഥ വ്യതിയാന വിഭാഗവുമായി ചേർന്ന് നടപ്പിലാക്കുന്ന പാരിസ്ഥിതികം - 2013 പദ്ധതിയുടെ ഭാഗമായി പുളിഞ്ഞാൽ ക്രിസ്തുരാജ പാരിഷ് ഹാളിൽ വച്ച് 'പരിസ്ഥിതിയും ആഗോളതാപനവും' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തി. സെമിനാറിനു മുന്നോടിയായി നടന്ന പൊതുസമ്മേളനം വാർഡ് മെമ്പർ മേഴ്സി സ്റ്റീഫൻ ഉദ്ഘാടനം ചെയ്തു. പുളിഞ്ഞാൽ പള്ളി വികാരി ഫാ. ഷിജോ തുരുത്തിയിൽ അദ്ധ്യക്ഷത വഹിച്ചു. അബ്രാഹം യു. പി. ക്ലാസ് നയിച്ചു.

## തെങ്ങിന്റെ ചങ്ങാതിക്കൂട്ടം ഏഴാം ബാച്ച്

മാസ് നാളികേര വികസന ബോർഡിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന തെങ്ങുകയറ്റ പരിശീലനം ഏഴാം ബാച്ച് ശ്രീപുരം ട്രെയിനിംഗ് സെന്ററിൽ പൂർത്തിയായി. പ്രസ്തുത പരിശീലന പരിപാടി നാളികേര വികസനബോർഡ് ജില്ലാ ഓഫീസർ ശ്രീ. വിജയൻ കെ. മാത്യു ഉദ്ഘാടനം ചെയ്തു. കണ്ണൂർ, വയനാട്, പാലക്കാട് എന്നിവിടങ്ങളിൽ നിന്നായി 20 തെങ്ങിന്റെ ചങ്ങാതിമാർ പരിശീലനം പൂർത്തിയാക്കി.

## സപ്പോർട്ടിംഗ് ഏജൻസിയായി മാസ് തെരഞ്ഞെടുക്കപ്പെട്ടു

കണ്ണൂർ, വയനാട് ജില്ലകളിലെ ജില്ലാ ദുരന്ത നിവാരണ പ്ലാൻ തയ്യാറാക്കുന്നതിന് ജില്ലാ ഭരണകൂടങ്ങൾ മാസിനെ തെരഞ്ഞെടുത്തു. കണ്ണൂർ,

വയനാട് ജില്ലാ കളക്ടർമാരുമായി മാസ്സ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ, പ്രോജക്ട് ഓഫീസർ ജിജോ വർഗ്ഗീസ്, പ്രോഗ്രാം മാനേജർ അബ്രാഹം യു. പി. എന്നിവർ കൂടിക്കാഴ്ച നടത്തി. പ്രാഥമിക രൂപരേഖ തയ്യാറാക്കി.

## സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നു

മാസ്സ് കേന്ദ്ര വസ്ത്ര മന്ത്രാലയവുമായി സഹകരിച്ച് നടപ്പിലാക്കുന്ന (അംബേദ്കർ ഹസ്തശില്പ വികാസ് യോജന) പദ്ധതിയുടെ ഭാഗമായി ഹാന്റ് എംബ്രോയ്ഡറിയിൽ പ്രാവീണ്യം നേടിയ വനിതകളെ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചു കൊണ്ടുള്ള സർട്ടിഫിക്കറ്റുകൾ കോട്ടയം അതിരൂപത ആർച്ച് ബിഷപ്പ് മാർ മാത്യു മൂലക്കാട്ട് രാജപുരം ഹോളി ഫാമിലി ഹാളിൽ വച്ച് വിതരണം ചെയ്യുന്നു. രാജപുരം മേഖലയിലെ 510 വനിതകൾക്ക് ആണ് സർട്ടിഫിക്കറ്റ് നൽകുന്നത്.

## രാജീവ് ഗാന്ധി ശില്പി സാമ്പത്യ ബീമ യോജന

മാസ് കേന്ദ്ര വസ്ത്ര മന്ത്രാലയവുമായി സഹകരിച്ച് നടപ്പിലാക്കുന്ന AHVU പദ്ധതിയുടെ ഭാഗമായി രാജപുരം മേഖലയിലെ 510 വനിതകൾ റിലയൻസ് ജനറൽ ഇൻഷുറൻസ് കമ്പനിയുടെ രാജീവ് ഗാന്ധി ശിൽപി സാമ്പത്യ ബീമ യോജനയിൽ ഗുണഭോക്താക്കൾ ആയി. ഈ പദ്ധതി പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾ, അപകട മരണ ഇൻഷുറൻസ്, അപകടത്തിൽ സംഭവിക്കുന്ന അംഗവൈകല്യ നഷ്ടം, ദന്തചികിത്സ, നേത്രചികിത്സ, കണ്ണട, ശിശുപരിരക്ഷ, ഒ.പി.ഡി., പ്രസവചിലവ് മുതലായവയാണ്. ഈ പദ്ധതിയുടെ ഓറിയന്റേഷൻ വർക്ക് ഷോപ്പുകൾ രാജപുരം മേഖലയിലെ മാലക്കല്ല്, ചുള്ളിക്കര, കള്ളാർ, രാജപുരം എന്നിവിടങ്ങളിൽ നടന്നു. ശ്രീ. അബ്രാഹം യു.പി., ജോബിൻ അബ്രഹാം, ആഷ്ന എന്നിവർ നേതൃത്വം നൽകി.

## അമ്മ അറിയാൻ കരുതലും സുരക്ഷയും

അമ്മ അറിയാൻ കരുതലും സുരക്ഷയും പദ്ധതിയുടെ ഭാഗമായി, മലബാർ മേഖലയിലെ അമ്മമാർക്കായി ബോധവൽക്കരണക്ലാസുകൾ സംഘടിപ്പിക്കുന്നു. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ബാലലൈംഗിക പീഡനങ്ങൾക്ക് അറുതിവരുത്താൻ ലക്ഷ്യമിട്ടുകൊണ്ടാണ് മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി കണ്ണൂർ, കാസർഗോഡ്, വയ

നാട്, പാലക്കാട് ജില്ലകളിലെ എല്ലാ മാസ് കൂട്ടായ്മകളിലും അമ്മ അറിയാൻ കരുതലും സുരക്ഷയും പദ്ധതി പ്രകാരമുള്ള ക്ലാസുകൾ സംഘടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

ഫാ. സുനിൽ പെരുമാനൂർ (സെക്രട്ടറി)

# കൂരിയാ വാർത്തകൾ

## വൈദികനിയമനങ്ങൾ

ഫാ. ജോസഫ് (സനീഷ്) കയ്യാലയ്ക്കകത്ത് - അസി. ക്രൈസ്റ്റ് ദ കിംഗ് കത്തീഡ്രൽ, കോട്ടയം

ഫാ. ജോസഫ് (സുജിത്ത്) കാഞ്ഞിരത്തുംമൂട്ടിൽ - അസി. രാജപുരം

ഫാ. മാത്യു (ജിനു) ആവണിക്കുന്നേൽ - അസി. പുന്നത്തുറ

ഫാ. പീറ്റർ (ജോയിസ്) നന്ദികുന്നേൽ - അസി. കല്ലറ ഓൾഡ്

ഫാ. ജോസഫ് (സനൽ) ചിറപ്പുറത്ത് - അസി. ഉഴവൂർ

ഫാ. ജേക്കബ് (ജിൻസൺ)കൊട്ടിയാനിക്കൽ - അസി. പെരിക്കല്ലൂർ

ഫാ. മാത്യു (ജിസ്മോൻ) പുത്തൻപറമ്പിൽ - അസി. മാലക്കല്ല്

ഫാ. ഫിലിപ്പ് (അനിഷ്) പുതുശേരി - അസി. കൈപ്പുഴ

ഫാ. ലൂക്ക് (ജോബിൻ) പ്ലാച്ചേരിപ്പുറത്ത് - അസി. പയ്യാവൂർ ടൗൺ

ഫാ. ബിബിൻ വെള്ളിയേപ്പിള്ളി - വികാർ ഇൻ ചാർജ് തിരൂർ & മാങ്കുഴി

ഫാ. മാത്യു (ലിജോ) കൊച്ചുപറമ്പിൽ - കൊട്ടോടി സ്കൂൾ

ഫാ. മാത്യു (പ്രിൻസ്) തൈപുരയിടത്തിൽ - വൈസ് റെക്ടർ അതിരൂപത മൈനർ സെമിനാരി

ഫാ. ജോൺ ചേന്നാക്കുഴി - അഡീഷണൽ ചാൻസലർ

ഫാ. ബിബിൻ കണ്ടോത്ത് - വികാർ ഇൻ ചാർജ് ചേർപ്പുങ്കൽ & അസി. സെക്രട്ടറി, കെ.എസ്.എസ്.എസ്.

ഫാ. ബോബി കൊച്ചുപറമ്പിൽ - ശ്രീപുരം സ്കൂൾ & കാറ്റിക്കിസം കമ്മീഷൻ

ഫാ. ഷിനോജ് വെള്ളായിക്കൽ - റാണിപുരം

ഫാ. അഭിലാഷ് കണ്ണാമ്പടം - കൊട്ടൂർവയൽ & പന്ന്യാൽ

ഫാ. ഷാജി ചേറോലിക്കൽ - കാരിത്താസ് ചർച്ച്

ഫാ. ജോൺ പൂച്ചക്കാട്ടിൽ - ജോയിന്റ് ഡയറക്ടർ കാരിത്താസ്

ഫാ. ഡിനോ കുമ്മാനിക്കാട്ട് - വികാർ ഇൻ ചാർജ് രാമമംഗലം സെന്റ് തോമസ്

ഫാ. എബ്രാഹം കൊച്ചുപറമ്പിൽ - തുവാനിസ & രാമമംഗലം (സെന്റ് മേരിസ്)

ഫാ. സ്റ്റീഫൻ വെട്ടുവേലിൽ - വികാർ, മാങ്ങിടപ്പള്ളി

ഫാ. ജെയിംസ് വടക്കേകണ്ടംകരി - വികാർ, തടിയമ്പാട്ട്

ഫാ. ഷൈജു കല്ലുവെട്ടാംകുഴി - രാജ്കോട്ട്

ഫാ. ബോബി പന്നൂറയിൽ OSB - ചേറ്റുകുളം

## അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**ജനുവരി 2013**

2 രാമമംഗലം സെന്റ് മേരീസ് ഇടവക ഡീ. ബേസിൽ മാണിപ്പറമ്പിൽ Conv. നു തിരുപ്പട്ടം നൽകി.

3 ഡീ. ജോയിസ് നന്ദികുന്നേലിന് തെള്ളിത്തോട് ഇടവകയിൽ തിരുപ്പട്ടം നൽകി.

4. കെ. സി. വൈ.എം. ന്റെ സെനറ്റ് മീറ്റിംഗ് ചൈതന്യയിൽ ഉദ്ഘാടനം ചെയ്തു.

5. കുമരകം ഇടവകയിൽ ഫാ. മാത്യു ചെറുശ്ശേരിലിന്റെ 25-ാം ചരമ വാർഷികത്തിനു പരി. കുർബ്ബാനയർപ്പിച്ചു.

7-11 കാക്കനാട് നടന്ന സീറോ മലബാർ സിനഡിൽ സംബന്ധിച്ചു

12-13 ചെറുകര സെന്റ് മേരീസ് ഇടവകയിൽ ഇടയസന്ദർശനം നടത്തി.

13. കടുത്തുരുത്തിയിൽ നടന്ന BCM ഫുട്ബോൾ മത്സര വിജയികൾക്ക് ട്രോഫി വിതരണം ചെയ്തു.

15. ചൈതന്യ കമ്മീഷൻ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

16. MSFS സഭാംഗമായ ഫാ. ദേവസ്യ കുഴിപ്പിലിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമികത്വം വഹിച്ചു.

- മോൺ. ജേക്കബ് വെള്ളിയാന് പി. കെ. കാളൻ അവാർഡ് സമ്മാനിക്കുന്ന ചടങ്ങിൽ സംബന്ധിച്ച് അനുഗ്രഹ പ്രഭാഷണം നടത്തി.

17. ചൈതന്യയിൽ നടന്ന കത്തോലിക്ക അദ്ധ്യാപക - അനദ്ധ്യാപക ഗിൽഡ് (സമ്മേളനം) ഉദ്ഘാടനം ചെയ്തു.
18. കടുത്തുരുത്തി സെന്റ് മൈക്കിൾസ് സ്കൂളിൽ പൂർവ്വ വിദ്യാർത്ഥി യായ മാർ ജേക്കബ് മുരിക്കന് സ്വീകരണം നൽകുന്ന ചടങ്ങിൽ സംബന്ധിച്ചു.
19. പയ്യാവൂർ ഇടവക മൂലക്കാട്ട് മാത്യു ചാക്കോയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് ദൈവാലയത്തിൽ കാർമികത്വം വഹിച്ചു.
20. കടുത്തുരുത്തി ഇടവകയിൽ നിർമ്മിച്ച യൗനാൻ നിവ്യായുടെ രൂപ ങ്ങൾ വെഞ്ചരിച്ച്, കുർബ്ബാനയർപ്പിച്ചു.
21. കൂടല്ലൂർ ഇടവകയിൽ നിർമ്മിച്ച വോൾട്ട് വെഞ്ചരിച്ചു. പുതുതായി നിർമ്മിക്കാൻ പോകുന്ന പള്ളി മുറിക്ക് തറക്കല്ലിട്ടു.
- അരീക്കര ഇടവക കൊച്ചുവെട്ടിക്കൽ അന്നമ്മയുടെ മൃതസംസ്കാ രശുശ്രൂഷയിൽ പങ്കെടുത്തു.
24. അപ്പോഴിപ്പറമ്പിൽ ബഹു. സിറിയക്കച്ചന്റെ പൗരോഹിത്യ സുവർണജൂബിലി ആഘോഷത്തിൽ സംബന്ധിച്ചു.
25. കരിങ്കുന്നം സ്കൂളിൽ നിർമ്മിക്കാൻ പോകുന്ന ഇൻഡോർ സ്റ്റേഡി യത്തിന് തറക്കല്ലിട്ടു.
26. ദൈവദാസൻ മാർ മാത്യു മാക്കീലിന്റെ ചരമവാർഷികത്തോടനു ബന്ധിച്ച് ഇടയ്ക്കാട്ട് പള്ളിയിൽ പരി. കുർബാനയർപ്പിച്ചു.
- പുതുതായി നിർമ്മിക്കുന്ന പള്ളിമുറിക്ക് തറക്കല്ലിട്ടു.
- മാറിടം ഇടവക ഈഴപേരൂർ ഏലിക്കുട്ടിയുടെ മൃതസംസ്കാര ശുശ്രൂഷയിൽ സംബന്ധിച്ചു.
27. കൈപ്പുഴ ഇടവകയുടെ ദ്വിശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് നടന്ന കൂടാരയോഗവാർഷികത്തിൽ സംബന്ധിച്ച് പരി. കുർബാ നയർപ്പിച്ചു.
- പുതുതായി നിർമ്മിച്ച അരീക്കര സെന്റ് റോക്കീസ് പള്ളി വെഞ്ച രിച്ച് മദ്ബഹ കൂദാശ ചെയ്തു.
30. കൊട്ടോടി ഇടവകയിൽ നിർമ്മിക്കുന്ന സീനിയർ സിറ്റിസൺസ് റൂമിന് തറക്കല്ലിട്ടു.
31. രാജപുരം ഇടവകയിൽ നിർമ്മിച്ച പള്ളിമുറി വെഞ്ചരിച്ചു.

# Engagements

## Mar Mathew Moolakkatt

**February 2013**

2. Blessing of the Madbaha at Mrala
6. Anniversary of the English Medium School at Piravam.
8. Seminary commission meeting at Vadavathoor
- Blessing of the new building at Christeen Kalathipady
9. Episcopal ordination of Mar George Madathikandathil at Kothamangalam.
11. Ash Monday at Christ the King Cathedral
13. Bible convention at St. Mary's Church, Parel Changanacherry.

19-20 Regional Bishop's Recollection at Kottayam.

23-24 Pastoral visit at Padamugham

**March 2013**

5. Bimonthly of priests at Chaithanya.

# അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**ജനുവരി 2013**

4-5 ചൈതന്യയിൽ വച്ചു നടന്ന കെ.സി.വൈ.എം. സെനറ്റ് മീറ്റിംഗിൽ പങ്കെടുത്തു.

7-11 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കൂടിയ സീറോ മലബാർ മെത്രാൻ സിനഡിൽ സംബന്ധിച്ചു.

12 കൈപ്പുഴ മാർ മാക്കീൽ പബ്ലിക് സ്കൂളിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു.

17 കള്ളാർ പള്ളിയിൽ വച്ച് ഡീക്കൺ ജോൺസൺ ഓണശ്ശേരി OSFS-ന് പുരോഹിതപട്ടം നല്കി.

- കൊട്ടോടി സെന്റ് ആൻസ് സ്കൂളിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു.

18 കണ്ണൂർ ശ്രീപുരം ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ വാർഷികാഘോഷ ചടങ്ങിൽ അദ്ധ്യക്ഷം വഹിച്ചു.

19 ദൈവദാസൻ മാക്കീൽ പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് ഇടയ്ക്കാട്ട് പള്ളിയിൽ വി. കുർബാന അർപ്പിച്ചു.

22 കടുത്തുരുത്തി വലിയ പള്ളിയിൽ പുറത്തു നമസ്കാരത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

27 ഗോവയിലെ സീറോമലബാർ അംഗങ്ങൾക്കുവേണ്ടി വി. കുർബാന അർപ്പിക്കുകയും, കുട്ടികൾക്ക് പ്രഥമദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകുകയും ചെയ്തു.

29 അതിരൂപതാ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള മലബാർ റീജിയൺ അദ്ധ്യാപക - അനദ്ധ്യാപക സെമിനാർ കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽ വച്ച് ഉദ്ഘാടനം ചെയ്തു.

30 POC യിൽ കൂടിയ കെ.സി.വൈ.എം. സിൻഡിക്കേറ്റ് മീറ്റിംഗിൽ സംബന്ധിച്ചു.

**ഫെബ്രുവരി 2013**

1 ഏറ്റുമാനൂരിൽ പ്രവർത്തിക്കുന്ന കാരിത്താസ് ആയൂർവേദ ആശുപത്രിയുടെ പുതിയ ഒ.പി. കെട്ടിടം വെഞ്ചരിച്ചു.

- പടമുഖം പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും കൂടാരയോഗ വാർഷികാഘോഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

2 കൈപ്പുഴ പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും പ്രഥമ ദിവ്യകാരുണ്യം നൽകുകയും ചെയ്തു.

- ചൈതന്യയിൽ കൂടിയ കാരിത്താസ് മെഡിക്കൽ കോളേജ് ആലോചന കമ്മിറ്റിയിൽ പങ്കെടുത്തു.

- കാരിത്താസ് ആയൂർവേദ ആശുപത്രിയുടെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

# Engagements

**Mar Joseph Pandarasseril**

**February 2013**

4 Edackat Forane parish Council meetting

5 Kidangoor Forane parish Council meetting

6 Kaduthuruthy Forane parish Council meetting

7 12 hour adoration at North Paravoor

9 Episcopal consecration of Msgr. George Madathilkandom at Kothamangalam.

12 KCYM Directors meet at P.O.C.

16 Anniversary of Sacred Heart HSS Payyavoor

- Bible convention of Kannur diocese

- Anniversary of Sreepuram Nursery School

18 Golden Jubilee inauguration of St. Thomas L.P. School Kuruppanthara.

19- 20 Bishops Recollection at Metropolitan's house, Kottayam

22-24 Pastoral visit at Mangaldam & Kanthalam

26 Syro-Malabar catechetical commission meeting at Mt.St Thomas

28 March 3 - Pastoral visit at Alexnagar

# അഭി. കുന്നശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**ജനുവരി 2013**

4. മാർ ജോസഫ് അങ്ങാടിയത്ത് BTM ൽ പിതാവിനെ സന്ദർശിച്ചു.
11. കിടങ്ങൂർ ഇടവക കോട്ടൂർ പരേതയായ ഏലിക്കുട്ടിക്കുവേണ്ടി ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.
15. കോതമംഗലം രൂപതയുടെ നിയുക്ത മെത്രാൻ അഭി. മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ അഭി. പിതാവിനെ സന്ദർശിച്ചു.
21. കടുത്തുരുത്തി മൂന്ന് നോമ്പിനോടനുബന്ധിച്ച് കടുത്തുരുത്തി പള്ളിയിൽ പണി കഴിപ്പിച്ച യൗനാൻ നിവ്യയുടെ ഗ്രോട്ടോ സന്ദർശിച്ചു.

# വചനദർശനം

## നോമ്പ് രണ്ടാം ഞായർ

**ഫെബ്രുവരി 17** **(മത്തായി 7:15-27)**

പാപത്തിന്റെയും മരണത്തിന്റെയും നിഴൽ വീണ താഴ്‌വരകളിൽ ജീവിക്കുന്ന മനുഷ്യന് പുണ്യ തീർത്ഥങ്ങളിൽ സ്നാനം ചെയ്ത് ജീവന്റെ മേച്ചിൽപുറങ്ങളിലേയ്ക്ക് പ്രവേശിക്കാൻ ഇതാ മറ്റൊരു നോമ്പ് കൂടി. ആഗ്രഹങ്ങളേയും അത്യാഗ്രഹങ്ങളേയും നിയന്ത്രിച്ച് കീഴടക്കി കാപട്യത്തിന്റെ പൊയ്മുഖങ്ങളെ വലിച്ചെറിഞ്ഞ് വിശുദ്ധിയിലും വിശ്വാസത്തിലും ജീവിക്കാൻ നമ്മെ സഹായിക്കുന്ന നോമ്പിന്റെ രണ്ടാം ഞായറാഴ്ചയിൽ സഭാ മാതാവ് നമ്മോട് കാപട്യത്തിൽനിന്നും ഓടി അകലുവാൻ ശക്തമായ ആഹ്വാനം നൽകുന്നു. നോമ്പിന്റെ ആദ്യ ചുവടും അത്യാവശ്യ

ചുവടും ഇതുതന്നെയാണ്. കപടതയുടെ മുഖംമൂടികൾ വലിച്ചെറിഞ്ഞ് ആയിരിക്കുന്ന അവസ്ഥയിൽ ദൈവത്തിന് മുന്നിലായിരിക്കാം.

വി. ഗ്രന്ഥത്തിന്റെ താളുകളിൽ ഈശോ ഏറ്റവും കൂടുതൽ വെറുക്കുന്ന പാപവും കാപട്യം തന്നെ. തന്റെ വന്ധ്യതയെ മറച്ചുവയ്ക്കുവാൻ പച്ചിലച്ചാർത്തുകൾ ഉപയോഗിച്ച അത്തിവൃക്ഷത്തെ ഈശോ ശപിക്കുന്നുണ്ട്. ഉള്ളിലൊന്നും പുറമെ മറ്റൊന്നും അഭിനയിക്കുന്ന ഇതുകണക്കെ അഭിനയിക്കുന്ന ധാരാളം അത്തിവൃക്ഷങ്ങളെ നമുക്ക് നമ്മുടെ സമൂഹങ്ങളിൽ കണ്ടെത്താൻ സാധിക്കും. ഇവർക്ക് വീട്ടിൽ ഒരു സ്വഭാവം കൂട്ടുകാർക്കിടയിൽ മറ്റൊരു സ്വഭാവം ഓഫീസിൽ മൂന്നാമതൊരു സ്വഭാവം. ജീവിതത്തിന്റെ ഫ്രെയ്മിൽ അഭിനയിച്ച് തീർക്കുന്ന ഇവരുടെ തലതൊട്ടപ്പൻ മർക്കോസിന്റെ സുവിശേഷം 5-ാം അദ്ധ്യായം 9-ാം വാകൃത്തിലുണ്ട്. ഇവിടെ പിശാചുബാധിതന്റെ പേര് ലെഗിയോൻ. പക്ഷേ അവൻ പറയുന്നു ഞങ്ങൾ അനേകം പേരുണ്ട്. ഇതു സത്യമാണ്. വീട്ടിൽ ഒരാൾ, കൂട്ടുകാർക്കിടയിൽ മറ്റൊരാൾ, ഓഫീസിൽ മൂന്നാമതൊരാൾ. ഇതുകണക്കെ പൊയ്മുഖങ്ങൾ അഭിനയിക്കുന്ന വ്യക്തികളെ കണ്ടെത്താനും തിരുത്താനും ഈ നോമ്പ് നമ്മോട് ആഹ്വാനം ചെയ്യുന്നു. ഒപ്പം ഞാൻ എപ്രകാരമാണ് എന്നും എന്റെ ജീവിതവും വചനവും പ്രവർത്തിയും തമ്മിൽ സമാനതകളുണ്ടോ എന്നും നമുക്ക് ചിന്തിക്കാം. അനന്യാസിന്റെയും സഫീറയുടെയും ജീവിതം കാപട്യത്തിന്റെ നല്ല ഉദാഹരണമായി നടപടി പുസ്തകം ചൂണ്ടിക്കാണിക്കുന്നു. സ്വന്തമായി ഉണ്ടായിരുന്ന പറമ്പ് വിൽക്കുകയും പണം സമൂഹത്തിൽ ഏൽപിക്കുകയും ചെയ്യുമ്പോൾ കുറച്ച് പണം ആരും അറിയാതെ സൂക്ഷിച്ചു വയ്ക്കുന്നു. കാപട്യത്തിന്റെ വക്താക്കളായ ഈ ദമ്പതികൾ പത്രോസിന്റെ വാക്കുകൾ കേട്ട് വീണ് മരിക്കുന്നു. ദൈവത്തിന് കൊടുക്കേണ്ടത് പിടിച്ചു വയ്ക്കുമ്പോഴും നാം കാപട്യമുള്ളവരായി മാറുന്നു.

**അനുബന്ധം**

അൾത്താരയിൽ ചുംബിച്ചുകൊണ്ട് ഓരോ പുരോഹിതനും സാക്ഷ്യപ്പെടുത്തുന്നു. ഇന്നു മുതൽ ഞാനും എന്റെ സർവ്വവും എന്റെ ദൈവത്തിന് ദൈവജനത്തിന്. പക്ഷേ എന്റെ ജീവിതത്തിലെ നല്ലതെല്ലാം ഞാൻ എനിക്ക് വേണ്ടിയല്ലേ മാറ്റിവച്ചിരിക്കുന്നത്?

ഈശോ നഥാനിയേലിനെ വിളിച്ചത് 'ഇതാ കാപട്യമില്ലാത്ത ഒരു ഇസ്രയേൽക്കാരൻ" എന്നാണ്. അന്ന് പ്രഭാതത്തിൽ നഥാനിയേൽ ക്രിസ്തുവിനെതിരെ സംസാരിച്ചവനാണ്. നസ്രത്തിൽ നിന്നും നന്മയൊന്നും വരില്ല എന്ന് പ്രഖ്യാപിച്ചവനാണ്. പക്ഷേ ക്രിസ്തുവിനറിയാം അത് അവന്റെ ഹൃദയ സുതാര്യതയിൽ നിന്നും വന്നതാണ്. ഉള്ളിലെ ഹൃദയനിഷ്കളങ്കത വാക്കുകളിലൂടെ പുറത്തേയ്ക്ക് വന്നതാണ്. ഇവിടെ കാപട്യത്തിന്റെ പൊയ്മുഖം ഇല്ല.

## നോമ്പ് മൂന്നാം ഞായർ

**ഫെബ്രുവരി 24** **(മത്തായി 20:17-28)**

തന്റെ സഹനത്തെയും ഉത്ഥാനത്തെയും കുറിച്ച് ആദ്യം പ്രവചിച്ചപ്പോൾ "തനിക്കു ജറുസലേമിലേയ്ക്കു പോകേണ്ടിയിരിക്കുന്നു" എന്ന് ഈശോ പറയുകയുണ്ടായി (16:21). ജറുസലേമിലേയ്ക്കു പോകുമ്പോൾ രണ്ടാമത്തെയും, ജറുസലേമിലേയ്ക്കുള്ള വഴിയിൽ വച്ച് മൂന്നാമത്തെയും പ്രവചനം ഉണ്ടാകുന്നു. (ഇന്നത്തെ സുവിശേഷം) തന്നോടൊപ്പം ഉണ്ടായിരുന്ന തീർത്ഥാടകരിൽ നിന്ന്, ശിഷ്യരെ വിളിച്ച് രഹസ്യമായാണ് അവിടുന്ന് സഹന-ഉത്ഥാന പ്രവചനം നടത്തുന്നത്. ഉടനെ സംഭവിക്കാനിരിക്കുന്ന സഹനത്തിന്റെ പശ്ചാത്തലത്തിൽ 'ഇതാ നാം ജറുസലേമിലേയ്ക്കു പോകുന്നു" എന്ന പ്രസ്താവന അർത്ഥവത്താണ്. നോമ്പിന്റെ ഈ മൂന്നാം ഞായറാഴ്ച യേശുവിന്റെ പെസഹായുടെ വലിയ രഹസ്യങ്ങളിലേയ്ക്ക് സഭാ മാതാവ് നമ്മെ കൂടുതൽ അടുപ്പിക്കുകയാണ്. തന്റെ പീഡാനുഭവരഹസ്യങ്ങൾ മൂന്ന് പ്രാവശ്യം മുൻകൂട്ടി പറഞ്ഞുകൊണ്ട്

ഈശോനാഥൻ തന്റെ പ്രിയ ശിഷ്യരെ വലിയ ആഴ്ചയിലെ വലിയ സംഭവങ്ങളിലേയ്ക്ക് ഒരുക്കി എങ്കിൽ യേശുനാഥന്റെ പീഡാസഹനവും മരണവും എല്ലാം നമ്മുടെ വേദനകളിലും ബുദ്ധിമുട്ടുകളിലും പ്രതിസന്ധികളിലും നമ്മെയും ശക്തിപ്പെടുത്തും. നമ്മുടെ ജീവിതത്തിൽ കണ്ണീരിന്റെയും വേദനയുടെയും ഒറ്റപ്പെടലിന്റെയും ഒറ്റികൊടുക്കലിന്റെയും ചോര മണക്കുന്ന അനുഭവങ്ങൾ ഉണ്ടാകുമ്പോൾ ഓർക്കുക യേശു നാഥൻ ഈ വഴിയേ നമുക്കു മുമ്പേ നടന്നു പോയിട്ടുണ്ട്. അപ്പോൾ യേശുനാഥന്റെ പീഡാസഹനമരണം നമുക്ക് ഒരു ശക്തിയായി മാറും. യഹൂദ പാരമ്പര്യമനുസരിച്ച് ഭക്ഷണമേശയ്ക്കു ചുറ്റും ഇരിപ്പിടങ്ങൾ ക്രമീകരിക്കുന്നത് അതിഥികളുടെ പ്രാധാന്യമനുസരിച്ചാണ്. സെബദിയുടെ ഭാര്യ തന്റെ രണ്ട് മക്കൾക്ക് വേണ്ടി ആവശ്യപ്പെടുന്നത് യേശുവിന്റെ ഭക്ഷണമേശയിലെ പ്രഥമ സ്ഥാനങ്ങളാണ്. മറ്റ് ഭക്ഷണമേശകൾ പോലെയല്ല യേശു ശിഷ്യർക്കായി ഒരുക്കുന്ന ഭക്ഷണ മേശ. അവന്റെ ഭക്ഷണ മേശയിൽ പ്രഥമസ്ഥാനം ആഗ്രഹിക്കുന്നവരോട് അവൻ ചോദിക്കും എന്റെ സഹനമരണ രഹസ്യങ്ങളിൽ പങ്കെടുക്കാൻ നിങ്ങൾക്ക് കഴിയുമോ? സമൃദ്ധിയുടെ തീൻമേശയിൽ എന്നോട് അടുത്തുള്ളവർ എന്റെ വേദനയിലും എന്നോട് അടുത്ത് ഉണ്ടാകണം. കഴിയുമോ നിങ്ങൾക്ക്? അതുകൊണ്ടാണ് ഇപ്രകാരം പറയുന്നത്. "ക്രിസ്തു ഇഷ്ടമുള്ളവരെ അടുത്തുകൂട്ടി അടുത്തുകൂട്ടിയവരെ സ്നേഹിച്ച് സ്നേഹിച്ചവരെ ചിതറിച്ചു" ജീവിതത്തിൽ ഇതുപോലെ ചിതറിക്കപ്പെടുമ്പോൾ വേദനിക്കപ്പെടുമ്പോൾ ഓർക്കുക നമ്മുടെ സ്ഥാനം അവന്റെ വലതും ഇടതും ആണ്.

നാമും എപ്പോഴും ക്രിസ്തുവിനോട് കൂടെ നിൽക്കാൻ ആഗ്രഹം ഉള്ളവരാണ്. അവന്റെ വേദനയുടെയും പീഡകളുടെയും വലിയ ദിനങ്ങളാണ് വരാൻ പോകുന്നത്. അവനോട് കൂടെ നിൽക്കാനും അവന്റെ കൂടെ ധ്യാനിക്കാനും നമുക്ക് സാധിക്കണം. ഒപ്പം നമ്മുടെ വേദനകളിലേയ്ക്കും ക്രിസ്തുവിനെ വിളിച്ചുകൊണ്ട് പോകുവാനും നമുക്ക് കഴിയണം.

**ഫാ. സൈജു പുത്തൻപറമ്പിൽ**